# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P7/438/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P7/438/2023 തീയ്യതി: 10/04/2023

## കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-07-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്. എസ്, ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ

ശ്രീമതി ഷീജ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺജിത്ത് ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി റജിന എ. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗിരിജകുമാരി എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ഹാരിസ് മുഹമ്മദ് കോയ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ ബിജുകുമാർ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 29-06-2021 |
| ശ്രീ ഷിഹാബുദ്ദീൻ | സെക്രട്ടറി | 30-06-2021 | 02-07-2021 |
| ശ്രീമതി ലേഖ വി എസ് | സെക്രട്ടറി | 02-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷംന റഷീദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ഷാജി റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ നെബു ജോൺ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ ശ്രീരേഖ എസ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ ഷിയാസ് അഹമ്മദ് | വി.ഇ.ഒ പള്ളിമൺ | 01-04-2021 | 31-03-2022 |
| ശ്രീ അജി വി | വി.ഇ.ഒ നെടുമ്പന | 01-04-2021 | 31-03-2022 |
| ശ്രീമതി ശാലിനി | വി.ഇ.ഒ നല്ലില | 01-04-2021 | 16-08-2021 |
| ശ്രീ അജി വി | വി.ഇ.ഒ നല്ലില | 16-08-2021 | 04-10-2021 |
| ശ്രീ നവീൻ ആർ | വി.ഇ.ഒ നല്ലില | 04-10-2021 | 19-10-2021 |
| ശ്രീ അജി വി | വി.ഇ.ഒ നല്ലില | 20-10-2021 | 10-11-2021 |
| ശ്രീ നവീൻ ആർ | വി.ഇ.ഒ നല്ലില | 11-11-2021 | 31-03-2022 |
| ശ്രീമതി ബിന്ദു ജെ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശശികല | ഹെഡ് മിസ്ട്രസ് | 01-04-2021 | 29-10-2021 |
| ശ്രീമതി മിനി സാമുവേൽ | ഹെഡ് മിസ്ട്രസ് | 30-10-2021 | 31-03-2022 |
| ശ്രീ യേശുദാസ് | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സമീന | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി രജനി കെ ആർ | അസി.സെക്രട്ടറി | 01-04-2021 | 29-04-2021 |
| ശ്രീ ബിജുകുമാർ ആർ | അസി.സെക്രട്ടറി | 30-04-2021 | 09-07-2021 |
| ശ്രീമതി രാധാമണി കെ | അസി.സെക്രട്ടറി | 09-07-2021 | 31-03-2022 |
| ശ്രീമതി ശോഭന ഉപേന്ദ്രൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനില്ലക്കോസ് | അസി.എഞ്ചിനിയർ ,എൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ആർ ഇ ജി എസ് | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്ഷേമപെൻഷൻ - അപാകതകൾ | 1-7.1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ നികുതി നിയമാനുസൃതംഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. | 1-11 |
| 14 | ഗ്രാമപഞ്ചായത്തിനുള്ള തൊഴിൽ നികുതി ഒടുക്ക്- ചെക്കിലെ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിന്റെ വിവരം ലഭ്യമല്ല | 1-12 |
| 15 | ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകളിലെ തുകകൾ ക്ലെയിം ചെയ്യേണ്ടതാണ് | 1-13 |
| 16 | റവന്യൂ റിക്കവറി നടപടികൾ - പുരോഗതിവിവരം അറിയിക്കേണ്ടതാണ്. | 1-14 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല-വാടക സമയബന്ധിതമായി ഈടാക്കുന്നില്ല | 1-15 |
| 18 | സ്കൂൾ കോമ്പൗണ്ടിൽ നിന്നും മുറിച്ച തേക്കമരത്തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല | 1-16 |
| 19 | വസ്തുനികുതി നിർണ്ണയം സുതാര്യമല്ല- കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള നികുതി നിർണ്ണയിച്ചിട്ടില്ല | 1-17 |
| 20 | അസ്സീസിയ മെഡിക്കൽ &ഡെന്റൽ കോളേജിന്റെ കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-18 |
| 21 | കണ്ടിജന്റ് ചെലവുകൾക്കായുള്ള അഡ്വാൻസ് തുകകൾ വിട്ടുകിട്ടിയ സ്ഥാപനങ്ങൾ ക്രമീകരിച്ചിട്ടില്ല | 1-19 |
| 22 | കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-20 |

| | | |
|---|---|---|
| 23 | ആധുനിക അറവ്ശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ-അറവുശാലയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ആരംഭിച്ചില്ല | 1-21 |
| 24 | ഗ്രാമസഭ മിനിട്സ് പരിപാലിക്കുന്നതിൽ അപാകതകൾ | 1-22 |
| 25 | ഇ-ടെണ്ടർ ഫാറം വില തനത് ഫണ്ടിലേയ്ക്ക് വരവാക്കിയിട്ടില്ല | 1-23 |
| 26 | ഫൈൻ കുറവായി ഈടാക്കി | 1-24 |
| 27 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- നിർമ്മാണ സാധനങ്ങൾ കുടുംബശ്രീ വഴി വിപണിവിലയിൽ കൂട്ടി വാങ്ങി - അധികചെലവ് | 1-25 |
| 28 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് അധിക ബാദ്ധ്യത | 1-26 |
| 29 | പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂൾ കെട്ടിടത്തിനായി വാടകതുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു | 1-27 |
| 30 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അപാകതകൾ | 1-28 |
| 31 | എം.സി.എഫിനായി നിർമ്മിച്ച കെട്ടിടം പ്രവർത്തന രഹിതമായി കിടക്കുന്നു | 1-29 |
| 32 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 33 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല -ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 34 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തിയാക്കിയില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 1-32 |
| 35 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുന്നു | 1-33 |
| 36 | നല്ലില ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക റീക്കപ്പ് ചെയ്തിട്ടില്ല | 1-34 |
| 37 | കൊല്ലം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിൽ നിന്നും റിഡംഷൻ ഇനത്തിൽ പിടിച്ച തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല | 1-35 |
| 38 | പാസ്റ്റ് ഡാറ്റാ എൻട്രി - വിവിധ ഹെഡുകളിലെ തുകകളുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല | 1-36 |
| 39 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-37 |
| 40 | ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള ലോൺ വിഹിതം , സംസ്ഥാനവിഹിതം തുകകളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-38 |
| 41 | മഴക്കാലപൂർവ്വ ശുചീകരണം- തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 1-39 |
| 42 | മെഡിക്കൽ ഓഫീസർ സി എച്ച് സി- അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂൾ കെട്ടിടത്തിനായി വാടകതുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു | 3-1 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.02.21 തീയതിയിലെ 2(l)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26/03/22 തീയതിയിലെ 2(l)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 31.07.22 | - | - |

### 1-2.1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) ക്യാനറാ ബാങ്കിലുള്ള 999101083468 നമ്പർ അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തലിൽ " Cheques Deposited But Not Collected " എന്ന ഹെഡിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തൽ അംഗീകരിക്കുന്നില്ല.

2) എസ് ബി ഐ കണ്ണനല്ലൂർ ശാഖയിലുള്ള ഇ-പേയ് മെന്റ് അക്കൗണ്ടിന്റെ (നം.33141835220) പൊരുത്തപ്പെടുത്തലിൽ " Cheques Deposited But Not Collected " എന്ന ഹെഡിലെ ₹56,268/- ടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തൽ അംഗീകരിക്കുന്നില്ല.

3) Receipt & Payment 40(b) സ്റ്റേറ്റ്മെന്റിലെ (ഹെഡ്- 450210101) Own Fund Revenue അക്കൗണ്ട് , S B I Nallila – Kudumbasree ( ഹെഡ്- 450210101) അക്കൗണ്ട് എന്നിവ നിഷ്ക്രിയ അക്കൗണ്ടുകളായി കാണിച്ചിട്ടുള്ളതിനാൽ അവയുടെ പൊരുത്തപ്പെടുത്തൽ അംഗീകരിക്കുന്നില്ല (ഖ നം. 1-13 കാണുക )

4) വസ്തുനികുതി തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശിക തുകകളുടെയും മുൻവർഷ കുടിശിക തുകകളുടെയും അക്കൗണ്ടിംഗ് സഞ്ചയ സ്റ്റേറ്റുമെന്റിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ധനകാര്യ പത്രികയിലെ B12 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ₹3,000/- ടെ ഇൻവെസ്റ്റ് മെന്റ് ഉണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6)ബാലൻസ് ഷീറ്റിലെ B- 2 Earmarked Special Fund ( 311100199) ന്റെ ബാലൻസ് തുകയായ ₹7,09,464/- ന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7) വികസന ഫണ്ട് (ജന.) , വികസന ഫണ്ട് (എസ് സി പി) എന്നിവയുടെ എ സി ആർ, സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെയുള്ള തുകയും സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു ( ജി ഒ പി നം.22/2022 /01.01.22 പ്രകാരം സോഴ്സിൽ കുറവു ചെയ്ത തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല ).

വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

8) ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭിച്ചിട്ടുള്ള ലോൺ വിഹിതം, സംസ്ഥന വിഹിതം തുകകളുടെ വരവ് , വിനിയോഗം, തിരിച്ചടവ് എന്നിവയുടെ കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല. ( ഖ നം. 1-38 കൂടി കാണുക )

9) പ്രോജക്ട് നം.10/22 പ്രകാരം പശു വളർത്തൽ പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹20,70,000/- വിനിയോഗിച്ചിട്ടുണ്ടെങ്കിലും സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ₹11,70,000/- ടെ ചെലവ് മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ആയതിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

10) ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിലെ ( ഹെഡ്-450210201 ) ( A/c No.700011400000819 ) ജോയിന്റ് വെൻച്വർ അക്കൗണ്ടിന്റെ റിഡംപ്ഷൻ ഉൾപ്പടെയുള്ള തുകയുടെ ബാലൻസ് ₹40,97,856/- ആണെങ്കിലും ആയതിന് ആനുപാതികമായ ലയബിലിറ്റി ബാലൻസ് ഷീറ്റ് B 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

11) വാർഷിക ധനകാര്യ പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ഫണ്ടിന്റെ തൻവർഷത്തെ ചെലവ് ₹24,55,814/- ഉം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതി ചെലവ് ₹35,41,681/- ഉം ആണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

12) പ്രോജക്ട് നം. 97/22 പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക ( ₹80,44,000/-) യുടെ ചെലവ് Rp-49 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

13) നിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള സപ്ലയർ ഇ എം ഡി തുകയുടെ മുൻ ബാക്കി ₹2,37,305/- ഉം ധനകാര്യ പത്രിക പ്രകാരമുള്ള മുൻ ബാക്കി ₹2,35,605/- ഉം ആണ്. തൻ വർഷത്തെ ക്ലോസിംഗ് ബാലൻസ് കൃത്യമാക്കുന്നതിന് നടത്തിയ അഡ്ജസ്റ്റുമെന്റുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

15) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ I-18, I-19 – പ്രയർ പീരിയഡ് ഐറ്റംസ് - എന്ന് രേഖപ്പെടുത്തിയ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

16) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി വിവരങ്ങൾ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

17) രസീത് & പേയ്മെന്റ് സ്റ്റേറ്റുമെന്റിന്റെ RP-30 ഷെഡ്യൂളിൽ സിഎഫ് സി ടൈഡ്, ബേസിക് ഫണ്ടുകളുടെ വരവിൽ ഒരു ഗഡു തുക (26,81,500രൂപ) അധികമായി വരവ് വച്ചിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,55,25,773/-രൂപ |
| വരവ് | 15,19,02,023/-രൂപ |
| ആകെ | 18,74,27,796/-രൂപ |
| ചെലവ് | 16,56,09,143/-രൂപ |
| നീക്കിയിരിപ്പ് | 2,18,18,653/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,10,953/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,21,38,037/-രൂപ |

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,93,67,050 | 2,93,67,050 | 2,88,01,000 | 5,66,050 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,24,38,000 | 1,24,38,000 | 1,24,38,000 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 1,01,91,000 | 1,01,91,000 | 92,17,000 | 9,74,100 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 1,16,95,287 | 1,16,95,287 | 24,51,861 | 92,43,426 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ട്രഷറി | 0 | 16,68,070 | 16,68,070 | 12,61,172 | 4,06,898 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ബാങ്ക് | 0 | 53,63,000 + 99,210 | 54,62,210 | 37,75,162 | 16,87,048 |

| | | | | | |
|---|---|---|---|---|---|
| | | -----------<br>54,62,210 | | | |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) - ട്രഷറി | 0 | 1,03,35,000 | 1,03,35,000 | 88,64,963 | 14,70,037 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) - ബാങ്ക് | 0 | 80,44,000 | 80,44,000 | 80,44,000 | 0 |

ജിഒ പ്രോജക്റ്റ് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ സി ആർ ന്റെ വരവ്,ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുകകൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിലും ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 45,06,493 | 2,33,400 | 47,39,893 | 9,07,200 | 38,32,693 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 11,74,873 | 0 | 11,74,873 | 11,54,785 | 20,088 |
| സാക്ഷരത | 56,600 | 0 | 56,600 | 0 | 56,600 |
| ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്പ് മെന്റ് സ്കീം | 32,91,175 | 21,65,787 | 54,56,962 | 43,07,955 | 11,49,007 |
| എംജി എൻആർ ഇജിഎസ് | 1,697 | 22,16,709 | 22,18,406 | 22,18,399 | 7 |
| ടി എസ് സി / എസ് ബി എം | 3,79,315 | 10,345 | 3,89,660 | 0 | 3,89,660 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 38,88,12,428/- | 88 | 12,19,60,388/- | 26 | 58 | 80.97% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,697/- | 17,99,333/- | 18,01,030/- | 18,01,023/- | 7/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,89,62,238/- | 4,89,62,238/- | 4,89,62,238/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിലില്ലായ്മ വേതനം | 4,46,880/- |
| കർഷകതൊഴിലാളി പെൻഷൻ | 68,90,300/- |
| വിധവാപെൻഷൻ | 3,41,30,500/- |
| വാർദ്ധക്യകാലപെൻഷൻ | 4,54,63,900/- |
| വികലാംഗപെൻഷൻ | 1,33,86,200/- |

| | |
|---|---|
| 50 വയസ്സിനമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 5,93,100/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,50,000/- |

### 1-7.1 ക്ഷേമപെൻഷൻ - അപാകതകൾ

സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ മരണമടഞ്ഞതിന് ശേഷവും പെൻഷൻ വിതരണത്തിനായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ഇബ്രാഹിംകുട്ടി | 103640201081 | വാർദ്ധക്യകാല പെൻഷൻ | 31/10/2021 | 11/21- 2/22 | 6400 |
| 2 | രാജനാചാരി | 103640202599 | വാർദ്ധക്യകാല പെൻഷൻ | 07/12/2021 | 1/22 | 1600 |
| 3 | ഗോപാലകൃ,ഷ്ണപിള്ള | 103640100881 | കർഷകതൊഴിലാളി പെൻഷൻ | 27/12/2021 | 1/22 - 2/22 | 3200 |
| 4 | ഇസ്മയിൽ കുഞ്ഞ് | 103640100302 | കർഷകതൊഴിലാളി പെൻഷൻ | 31/12/2021 | 1/22- 2/22 | 3200 |
| 5 | വിശ്വനാഥൻ ആചാരി | 103640202969 | വാർദ്ധക്യകാല പെൻഷൻ | 06/01/2022 | 2/22 | 1600 |
| 6 | ഗോപാലപിള്ള | 103640203491 | വാർദ്ധക്യകാല പെൻഷൻ | 29/12/2021 | 1/22 – 2/22 | 3200 |
| 7 | ചാക്കോ | 103640202080 | വാർദ്ധക്യകാല പെൻഷൻ | 30/01/2022 | 2/22 | 1600 |
| 8 | മറിയകുട്ടി | 103640600099 | വിധവാ പെൻഷൻ | 26/01/2022 | 2/22 | 1600 |
| 9 | ശശിധരൻ പിള്ള | 103640202596 | വാർദ്ധക്യകാല പെൻഷൻ | 03/02/2022 | 1/22- 2/22 | 3200 |
| 10 | രാജേന്ദ്രൻ | 103640200954 | വാർദ്ധക്യകാല പെൻഷൻ | 10/02/2022 | 2/22 | 1600 |
| 11 | അബ്ദുൾ ഹക്കീം | 103640200048 | വാർദ്ധക്യകാല പെൻഷൻ | 04/02/2022 | 2/22 | 1600 |
| 12 | അബദുൾ സലാം | 103640200499 | വാർദ്ധക്യകാല പെൻഷൻ | 31/01/2022 | 1/22 -2/22 | 3200 |
| 13 | ബഷീർകുട്ടി | 103640200905 | വാർദ്ധക്യകാല പെൻഷൻ | 14/02/2022 | 2/22 | 1600 |
| 14 | ദേവമ്മ | 103640600810 | വിധവാ പെൻഷൻ | 17/11/2021 | 11/21- 4/22 | 9600 |
| 15 | ഫാത്തിമബീവി | 103640601452 | വിധവാ പെൻഷൻ | 10/03/2022 | 3/22 -- 4/22 | 3200 |
| 16 | പൊന്നപ്പൻപിള്ള | 103640202763 | വാർദ്ധക്യകാല പെൻഷൻ | 30/03/2022 | 3/22- 4/22 | 1200 |
| 17 | രാജേന്ദ്രൻ | 103640201864 | വാർദ്ധക്യകാല | 16/09/2021 | 29/09-30/10 | 3200 |

| | | | | | | |
|---|---|---|---|---|---|---|
| | | | പെൻഷൻ | | | |
| 18 | സരോജിനിയമ്മ | 103640600117 | വിധവാ പെൻഷൻ | 20/04/2021 | 5/21- 6/21 | 1200 |
| 19 | നദീറ | 103640603368 | വിധവാ പെൻഷൻ | 04/09/2021 | 30/10 | 1200 |
| ആകെ | | | | | | 55,200/- |

പെൻഷണർമാരുടെ മരണശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് നൽകിയ തുക വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് ഡി.ബി.റ്റി. വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അർഹതയില്ലാത്ത കാലയളവിലേക്ക് അനുവദിച്ച പെൻഷൻ തുക സർക്കാരിലേക്ക് അടവാക്കുന്നതിനും സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക്, ഗുണഭോക്താക്കൾക്ക് അർഹതയില്ലാത്ത കാലയളവിലേക്ക് അനുവദിച്ച തുക സർക്കാരിലേക്ക് അടവാക്കി ടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ രീതിയിൽ നല്കിയിട്ടുള്ള തുക തിരികെ ഈടാക്കിരേഖകൾ ഹാജരാക്കേണ്ടതും സമാനമായി അർഹതയില്ലാത്ത കാലയളവിലേക്ക് പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 21/15.03.2023

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08/02/2023, 12.10pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,388/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ നികുതി, നികുതിയേതര വരുമാന ഇനങ്ങളിലെ തുകകൾ കൃത്യമായി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അലംഭാവം പ്രകടമാണ്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച നോട്ടിഫിക്കേഷൻ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഒരേ പ്ലോട്ടിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ വിവിധ മേഖലാ വിഭജനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും വ്യത്യസ്ഥ റോഡുകളെ പ്രവേശന മാർഗ്ഗമായി രേഖപ്പെടുത്തിയിട്ടുള്ളതായും കണ്ടു. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികൾ, പരിശോധനകൾ എന്നിവ നടത്തുന്നതായി കാണുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക സമയബന്ധിതമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. വാടകക്കാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ സബ് ലെറ്റിംഗ് തടയുന്നതിന് നിയമാനുസൃത സംവിധാനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

ബാങ്കുകളിൽ നിലനിർത്തിയിട്ടുള്ള രണ്ട് അക്കൗണ്ടുകളിലെ തുകകൾ ബാങ്ക് ഇൻഓപ്പറേറ്റീവ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുടെ വരവ്, ചെലവ്, ലോൺ തിരിച്ചടവ് എന്നിവയുടെ വിവരം ധനകാര്യപത്രികയിൽ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച കണക്കുകൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതായും കാണുന്നില്ല.

കേരള ജല അതോറിറ്റിയിൽ ദീർഘകാലം മുൻപ് നടത്തിയിട്ടുള്ള നിക്ഷേപപ്രവൃത്തികൾക്കായുള്ള തുകകൾ നാളിതുവരെ വിനിയോഗിച്ചിട്ടുള്ളതായി കാണുന്നില്ല.

പ്രോജക്ടുകൾക്കായി തനതുഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളും സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വരുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണ നിർവഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ധനാഗമ വിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും മേൽനോട്ടത്തിലെയും അലംഭാവവും ധന ഇടപാടുകളുടെ രേഖകൾ പരിപാലിക്കുന്നതിലും പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലുള്ള ജാഗ്രതക്കുറവും ഗ്രാമപഞ്ചായത്തിൽ പ്രകടമാണ്.

ഗ്രാമസഭ മിനിട്സ് പരിപാലിക്കുന്നതിൽ ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ക്വാറം തികയാതെ ഗ്രാമസഭ കൂടുന്നുണ്ട്. ഗുണഭോക്തൃതെരഞ്ഞെടുപ്പ് അംഗീകരിക്കൽ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ക്വാറം തികയാതെ ഗ്രാമസഭ കൂടുന്നത് ഗൗരവമായി കാണുന്നു. എച്ച്. എം. നിർവ്വഹണം നടത്തിയ മെരിട്ടോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ 16.02.2022 ലെ 14/1 നമ്പർ തീരുമാനപ്രകാരം തെരഞ്ഞെടുത്ത 17 ഗുണഭോക്താക്കളിൽ 2 പേരെ പിന്നീട് നടന്ന ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചിട്ടില്ല .പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/12/2022 | 07/2022 – 09/2022 | 06/01/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/05/2018 – 23/05/2018 | 2012-14 – 2017-18 | 09/07/2018 |

## 1-11 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ നികുതി നിയമാനുസൃതംഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്നവർ / സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന്കാണുന്നു.

(1) 2021-2022 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ

30.10.21 ലെ ഭരണസമിതി തീരുമാനത്തിലെ വിലയിരുത്തൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഇരുപത്തിയഞ്ച് കോടി രൂപയുടെ മരാമത്ത് പ്രവൃത്തികൾ നടന്നുവരുന്നു ( റർബൻ മിഷൻ , റീ ബിൽഡ് കേരള, വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ എന്നിവ ) . എന്നാൽ തൻവർഷം മരാമത്ത് പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

(2) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ

ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.26/21-22 15.02.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽനികുതി യഥാവിധി ഈടാക്കിയും ലൈസൻസ് എടുപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് രേഖാമൂലം അറിയിക്കേണ്ടതാണ്.

1-12 ഗ്രാമപഞ്ചായത്തിനുള്ള തൊഴിൽ നികുതി ഒടുക്ക്- ചെക്കിലെ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിന്റെ വിവരം ലഭ്യമല്ല

നെടുമ്പന അപ്പാരൽ പാർക്ക് എന്ന സ്ഥാപനത്തിൽ നിന്നും 2019-20 (1st & 2nd Half) തൊഴിൽ നികുതി ഇനത്തിൽ രസീത് നം.120010500030/10.01.21 പ്രകാരം ലഭിച്ചിട്ടുള്ള ചെക്ക് ( നം.22100578/ 04.09.22) " ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് കളക്റ്റഡ്" ആയി കാനറ ബാങ്കിന്റെ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്ക് പണമായി മാറിയിട്ടില്ലാത്തതിനാൽ പേമെന്റ് വൗച്ചർ നം.22100578/04.09.22 പ്രകാരം അഡ്ജസ്റ്റ് മെന്റ് എൻട്രി നടത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട തുകയായ ₹15,900/- തുടർന്ന് ക്രെഡിറ്റ് ആയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.31/22 15.02.23 )മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഇനത്തിലെ കുടിശിക തുക ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും തുക കളക്ട് ചെയ്തിട്ടില്ലായെങ്കിൽ തുടർ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതുമാണ്.

1-13 ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകളിലെ തുകകൾ ക്ലെയിം ചെയ്യേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ദീർഘകാലമായി ഇടപാടുകൾ നടത്തിയിട്ടില്ലാത്തതിനാൽ അക്കൗണ്ടുകളിലെ ബാലൻസ് തുകകളെ ബാങ്ക് "Unclaimed Balance" വിഭാഗത്തിൽ ഉൾപ്പെടുത്തി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് "Inoperative" എന്ന് കാണിച്ചിരിക്കുന്നു.

| ക്രമനം. | ബാങ്ക് -അക്കൗണ്ട് നം. | 14.02.23 ലെ ബാലൻസ് | കുറിപ്പുകൾ |
|---|---|---|---|
| 1 | SBI Nallila 57051616109 -Kudumbasree | ₹20,088/- | Unclaimed Account |
| 2 | SBI Nallila 57051618800- Sanitation | ₹3,97,641/- | Inoperative |

പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെട്ട തുകകൾ "Inoperative Account" കാറ്റഗറി അക്കൗണ്ടിൽ നിന്നും തിരികെ ക്ലെയിം ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം.29/21-22 16.02.23 ) നുള്ള മറുപടിയിൽ മേൽ അക്കൗണ്ടിലെ തുകകൾ 'അൺക്ലെയിംഡ് ഡെപ്പോസിറ്റ് ഹെഡ് ' ൽ നിന്നും തിരിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിലേക്ക് ബാങ്കിന് കത്ത് നല്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തുകകൾ തിരികെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് കിട്ടുന്നതിനും പലിശ ഉൾപ്പടെ മുതൽക്കൂട്ടുന്നതിനും ബാങ്കിന്റെ ഭാഗത്തുനിന്നും അടിയന്തിര നടപടികൾ സ്വീകരിക്കാത്ത പക്ഷം ബാങ്കിംഗിലെ മേഖലയിലെ പരാതി പരിഹാര സംവിധാനം ഉപയോഗിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നിഷ്ക്രിയമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് തിരികെ ഒടുക്കുകയോ തുക ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ നടത്തുന്ന അക്കൗണ്ടിൽ സൂക്ഷിച്ച് പ്രത്യേക ശീർകത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കാത്തപക്ഷം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ വ്യക്തിപരമായ വീഴ്ചയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 റവന്യൂ റിക്കവറി നടപടികൾ - പുരോഗതിവിവരം അറിയിക്കേണ്ടതാണ്.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്ന പദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ വീടുകൾ വാസയോഗ്യമാക്കി പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്കെതിരെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

1.ശ്രീ.പ്രദീപ്,പുഷ്പംവിള,പഴങ്ങാലം,വാർഡ്.22 എന്ന ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കുന്നതിനായി തനത് ഫണ്ടിനത്തിൽ 70,000/- രൂപ അടങ്കൽ നിശ്ചയിച്ച് വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ(പ്രോജക്ട് നമ്പർ.119/21-22). 02.11.18 കരാർ വച്ച് ആദ്യഗഡു ഇനത്തിൽ 35,000/- രൂപ(bill Ref No.18030152007600781088/12.11.18) കൈപ്പറ്റിയ മേൽ ഗുണഭോക്താവ് അടുത്ത ഗഡു കൈപ്പറ്റുകയോ പണിപൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 22.09.21 ലെ 13(1) ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ആദ്യഗഡു ഇനത്തിൽ നൽകിയ 35,000/- രൂപയും ആയതിന്റെ 18% പലിശയും ഉൾപ്പടെ 56,593/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2.ശ്രീമതി ആത്തിക്കാ ബീവി, ആശീരികുന്നത്ത് വീട്,കുണ്ടുമൺ പി.ഒ,വാർഡ്11 എന്ന ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കുന്നതിനായി തനത് ഫണ്ടിനത്തിൽ 50,000/- രൂപ അടങ്കൽ നിശ്ചയിച്ച് വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ(പ്രോജക്ട് നമ്പർ.120/21-22). 14.10.19 ൽ കരാർ വച്ച് ആദ്യഗഡു ഇനത്തിൽ 25,000/- രൂപ (Bill Ref No.19030152007600763602/31.10.19) കൈപ്പറ്റിയ മേൽ ഗുണഭോക്താവ് അടുത്ത ഗഡു കൈപ്പറ്റുകയോ പണിപൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 22.09.21 ലെ 13(2) ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ആദ്യഗഡു ഇനത്തിൽ നൽകിയ 25,000/- രൂപയും ആയതിന്റെ 18% പലിശയും ഉൾപ്പടെ 36,071/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മേൽ റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക-വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല-വാടക സമയബന്ധിതമായി ഈടാക്കുന്നില്ല

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലായി ആകെ 26 കടമുറികൾ ഉള്ളതിൽ 22 കടമുറികളിൽ നിന്നും തൻവർഷം വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ വാടക്കാരുമായി കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ വാടകകരാറിൽ സെക്രട്ടറി ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രജിസ്റ്റർ പ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സ് എന്ന രേഖപ്പെടുത്തിയ കെട്ടിടത്തിൽ ഒമ്പതാം നമ്പർ കടമുറി ഒഴിഞ്ഞുകിടക്കുന്നു. ഇതിൽ നിന്നും വാടകവരവ് രേഖപ്പെടുത്തിയിട്ടില്ല. പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ അഞ്ചാം നമ്പർ കടമുറി നീതി സ്റ്റോറിന് വാടക രഹിതമായി അനുവദിച്ചിട്ടുള്ളതായും ഏഴാം നമ്പർ കടമുറി ഹരിതകർമ്മസേന യ്ക്ക് അനുവദിച്ചിട്ടുള്ളതായും എസ് സി, എസ് ടി റിസർവേഷൻ ചെയ്തിട്ടുള്ള എട്ടാം നമ്പർ കടമുറി ഒഴിഞ്ഞുകിടക്കുന്നതായുമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(I) വാടകയ്ക്ക് നല്കിയിട്ടുള്ളതായി പറയുന്ന 24 കടമുറികൾ ഏറ്റെടുത്തിട്ടുള്ളതിൽ 8 പേർ മാത്രമാണ് വാടക കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ കരാർപത്രങ്ങളിലും കെട്ടിട നമ്പർ, വാടക വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വാടകക്കാരിൽ നിന്നും ഈടാക്കിയ മുൻകൂർ/ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ വാടകകരാറിലെ നിബന്ധന പ്രകാരം ഓരോ മാസത്തെയും വാടക അതത് മാസം അഞ്ചാം തീയതിക്കുമുൻപായി മുൻകൂർ ഒടുക്കണമെങ്കിലും ഇത്തരത്തിൽ തുക സെക്രട്ടറി ഡിമാന്റ് ചെയ്തിട്ടുള്ളതായോ ഒരു വാടക്കാരനെങ്കിലും ഒടുക്കിയിട്ടുള്ളതായോ കാണുന്നില്ല. കരാറുകളിൽ ഏർപ്പെട്ട് മാത്രം കുത്തകകൾ കൈമാറേണ്ടതും സബ് ലെറ്റിംഗ് ഉൾപ്പടെയുള്ള ബിനാമി ഇടപാടുകൾ നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. നിയമാനുസൃത വാടക സമയബന്ധിതമായി ഈടാക്കേണ്ടതും ഡെപ്പോസിറ്റുകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

(II) പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ അഞ്ചാം നമ്പർ കടമുറി നീതി മെഡിക്കൽ സ്റ്റോറിനായി വാടക രഹിതമായി അനുവദിച്ചിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ വാടകകരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് ഉള്ളതായി കാണുന്നില്ല. വാടക നിശ്ചയിച്ച് ഈടാക്കുന്നതിന് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും നിർദ്ദേശിച്ചിരുന്നെങ്കിലും തൻവർഷവും ഈടാക്കിയിട്ടില്ല. സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ വാടക നിർണ്ണയിച്ച് ഈടാക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത കടമുറിയുടെ വാടക പൊതു മരാമത്തു വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ നിർണ്ണയിക്കേണ്ടതും വാടക ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ വ്യക്തിപരമായി ബാധ്യതയായി നിജപ്പെടുത്തി പ്രതിമാസം ഈടാക്കേണ്ടതുമാണ്.

(III) പഴയ ഷോപ്പിംഗ് കോംപ്ലക്സ് എന്നു രേഖപ്പെടുത്തിയ കെട്ടിടത്തിൽ ഒമ്പതാം നമ്പർ കടമുറി ഒഴിഞ്ഞു കിടക്കുന്നത് പുനലേലം നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(IV) വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം എസ് സി , എസ് ടി വിഭാഗത്തിലുള്ളവർക്കായി മാറ്റി വച്ചിട്ടുള്ള കടമുറി ( നം.8 – പുതിയ കെട്ടിടം) കുത്തകാവകാശം നാളിതുവരെ ആരും തന്നെ ഏറ്റെടുത്തിട്ടുള്ളതായി കാണുന്നില്ല. ഇത് വ്യാപക പ്രചാരണം നടത്തി പുനലേലം നടത്തേണ്ടതും കുത്തക കൈമാറുന്നതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(V) ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറി ഹരിത കർമ്മ സേനയ്ക്ക് കൈമാറിയതിനുള്ള സാഹചര്യം വിശദീകരിക്കേണ്ടതും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെട്ട കരാർ ലഭ്യമാക്കേണ്ടതുമാണ്.

മേൽ വിഷയങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.26/15.02.23

1-16 സ്കൂൾ കോമ്പൗണ്ടിൽ നിന്നും മുറിച്ച തേക്കുമരത്തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ പഴങ്ങാലം യു.പി.എസ് കോമ്പൗണ്ടിലെ ആറു തേക്ക മരങ്ങൾ മുറിച്ചതിന് ഭരണസമിതി അംഗീകാരത്തോടെ ചെലവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ മരത്തടികൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പ് ( നം.10/13.02.23) ന് വനം -വന്യജീവി വകുപ്പിൽ നിന്നുള്ള വിലനിർണ്ണയം ലഭിച്ചിട്ടില്ലാത്തതിനാൽ ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത് . വിലനിർണ്ണയത്തിനുള്ള തുടർനടപടികൾ സ്വീകരിച്ച് മരത്തടികളുടെ ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-17 വസ്തുനികുതി നിർണ്ണയം സുതാര്യമല്ല- കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള നികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ നല്ലില ഈസ്റ്റ് വാർഡിലെ ( നം.3 ) 728, 751, 760 എന്നീ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിലും കെട്ടിടം നില്ക്കുന്ന സ്ഥല പരിശോധന നടത്തിയതിലും നികുതി നിർണ്ണയത്തിൽ താഴെ പറയുന്ന അപാകതകൾ വന്നിട്ടുള്ളതായി കാണുന്നു.

സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

കെട്ടിട നം.728 ഉടമയുടെ പേര് : ശ്രീ ശിവദാസൻ പിള്ള , മാധവവിലാസം

കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയത്തിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിലേക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള പ്രധാന റോഡ് കിഴങ്ങുവിള ജംഗ്ഷൻ - പാലനിരപ്പ് റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| | |
|---|---|
| കെട്ടിടത്തിന്റെ ഏരിയ | 151.74 ച.മീ. |
| നിർണ്ണയിച്ച അടിസ്ഥാന നികുതി @70 (വാണിജ്യാവശ്യ കെട്ടിടം) | ₹10621.8 |
| മേഖല ഇളവ് (10%) | ₹1062.18 |

| | |
|---|---|
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) | ₹2124.36 |
| വാർഷിക വസ്തുനികുതി (2019 2nd Half മുതൽ) | ₹11,684 |

(I) ഗ്രാമപഞ്ചായത്തിലെ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഈ കെട്ടിടത്തിന് 289 ച.മീ. വിസ്തീർണ്ണം ഉണ്ടെന്ന് കണ്ടു. ഇത്തരത്തിലെ അധിക കൂട്ടിച്ചേർക്കൽ ക്രമവത്കരിച്ചിട്ടില്ല. നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(Ii) 728 ാം നമ്പർ കെട്ടിടത്തോടടുത്ത് നിർമ്മിച്ചിട്ടുള്ളതും പെർമിറ്റ് നം.A2 – BA(228048)/2022 Dtd 08.07.22 പ്രകാരം റഗുലറൈസ് ചെയ്തിട്ടുള്ളതുമായ 24.48 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ളതായും കാണുന്നില്ല.

(Iii) നം.728 കെട്ടിടം നിർമ്മിച്ചിട്ടുള്ള പ്ലോട്ടിൽ തന്നെയുള്ള നം.751, നം.760 ( 2020-21, 2022-23 നികുതി നിർണ്ണയിക്കപ്പെട്ടവ) കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. 2019-20 നും 2022-23 നും ഇടയിലുള്ള കാലയളവിൽ നോട്ടിഫിക്കേഷൻ പ്രകാരം മേഖലാനിർണ്ണയത്തിൽ മാറ്റം വരുത്തിയിട്ടുള്ളതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ നം.728 കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി പത്തു ശതമാനം നികുതി ഇളവ് അനുവദിച്ച സാഹചര്യം വ്യക്തമല്ല.

(Iv) നം.751 കെട്ടിടത്തിലേക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള റോഡ് 'കേരളപുരം-ആയൂർ റോഡ്'' എന്നും നം.760 കെട്ടിടത്തിലേക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള റോഡ് 'നല്ലില- നെടുമൺകാവ് റോഡ്'' എന്നുമാണ് സഞ്ചയ നികുതി നിർണ്ണയ സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേ പ്ലോട്ടിൽ നില്ക്കുന്ന മൂന്നു കെട്ടിടങ്ങൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള ഒരേ റോഡിന് മൂന്നു പേരുകൾ നല്കിയ സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.27/15.02.23) ന് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചും നികുതി പുനർ നിർണ്ണയിച്ചും വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 1-18 അസ്സീസിയ മെഡിക്കൽ &ഡെന്റൽ കോളേജിന്റെ കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

അസ്സീസിയ മെഡിക്കൽ &ഡെന്റൽ കോളേജിന്റെ കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലും നികുതി നിർണ്ണയത്തിലും അപാകതകൾ ഉള്ളതിനാൽ കോളേജ് ക്യാമ്പസിലെ എല്ലാ നിർമ്മാണ പ്രവൃത്തികളും സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ അസി.എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തി ഹാജരാക്കിയിട്ടുള്ള പ്ലാനുകളുമായി പരിശോധിച്ച് പുതിയ കംപ്ലീഷൻ പ്ലാന് അനുസൃതമായി , അനധികൃത നിർമ്മാണങ്ങൾ ചീഫ് ൗൺ പ്ലാനർ നിർദ്ദേശിച്ച പ്രകാരം 2011 ലെ KPBR പ്രകാരം ക്രമവൽക്കരിയ്ക്കുന്നതിനും ഉപയോഗക്രമത്തിനനുസരിച്ച് കേരള പഞ്ചായത്ത് രാജ് കെട്ടിട നികുതി നിർണ്ണയ ചട്ടങ്ങൾ പ്രകാരം നികുതി പുനർ നിർണ്ണയിച്ച്, ഈടാക്കി വിശദമായ റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖ.14 ൽ നിർദ്ദേശിച്ചിരുന്നു.

ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

(I) കെട്ടിട നമ്പർ 1291 ന്റെ കൂട്ടിച്ചേർത്ത 20231.09എം$^2$ ഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ളതിന് കണക്കാക്കിയിട്ടുള്ളതിൽ 2318.68 എം$^2$ വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

(II) കാന്റീനുകൾ പ്രവർത്തിക്കുന്ന നിലകൾക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല

(III) തദ്ദേശസ്വയം ഭരണവകുപ്പ് (RA)28/05/2018-ലെ തസ്വഭവ.ആർഎ3-275/2017 തസ്വഭവ കത്ത് പ്രകാരം 1 സെല്ലാറും, താഴത്തെ നില ഉൾപ്പടെ 4 നിലകൾ നിലവിലുള്ള കെട്ടിടത്തോടു കൂടി കൂട്ടി ചേർത്തതിന് 6928.15m$^2$ ക്രമവൽകരിച്ച് (ഫോം 6 പ്രകാരം) കെട്ടിട നമ്പർ IX/290 വസ്തു നികുതി ഈടാക്കിയതിന്റെ ഫയൽ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എന്നാൽ മേൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നികുതി നിർണ്ണയ രേഖകൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11 / 13.02.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും നികുതി പുനർ നിർണ്ണയിച്ചതിന്റെ രേഖകളോ ഫയലുകളോ ലഭ്യമാക്കിയിട്ടില്ല.

തുടർനടപടികൾ സ്വീകരിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 1-19 കണ്ടിജന്റ് ചെലവുകൾക്കായുള്ള അഡ്വാൻസ് തുകകൾ വിട്ടുകിട്ടിയ സ്ഥാപനങ്ങൾ ക്രമീകരിച്ചിട്ടില്ല

കണ്ടിജന്റ് ചെലവുകൾക്കായി വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ചെലവ്ക്രമീകരിച്ചിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | അനുവദച്ച തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 1 | GLPS മുട്ടയ്ക്കാവ് | 25000/- | 572946/ 10.08.21 |
| 2 | GLPS മിയണ്ണൂർ | 33000/- | 572947/ 10.08.21 |
| 3 | HM മുട്ടയ്ക്കാവ് | 15000/- | 573873/ 17.11.21 |
| 4 | GLPS പള്ളിമൺ | 10000/- | 574396/ 31.12.21 |
| ആകെ | | 83,000/- | |

കണ്ടിജൻസി ചെലവുകൾക്കായി ഘടക സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്ന വിവരം ഹാജരാക്കിയ കണ്ടിജൻസി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഘടക സ്ഥാപനങ്ങൾക്ക് അനുവദിച്ച 83000/- രൂപയുടെ ആധികാരികമാക്കിയ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ മേൽ തുക തടസ്സത്തിൽ വയ്ക്കുന്നു. കണ്ടിജൻസി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും അലോട്ട്മെന്റ് തുക കൃത്യമായി ക്രമീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 15/14.02.2023
തടസ്സപ്പെടുത്തിയ തുക -83000/- രൂപ

## 1-20 കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

26.04.21ലെ സ.ഉ(സാധാ) നം.911/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ കോവിഡ്19 പ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തി വ്യാപനം തടയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഡി.സി.സി ആരംഭിക്കുന്നതിനും മറ്റുമായി വരുന്ന ചെലവിലേക്ക് മേൽ ഉത്തരവിലെ ഖ 2.1 മുതൽ 2.5 വരെയുള്ള പ്രവർത്തനങ്ങൾക്കുള്ള ചെലവിന് തുക വകയിരുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾ ( 96/21-22). 16.05.21ലാണ് പഞ്ചായത്തിൽ ഡി.സി.സി ആരംഭിച്ചിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾ ( 96/21-22) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 20,00,000/-( തനത് ഫണ്ട് ) |
| ചെലവ് | 1,78,500 - ARTCO LTD<br>17,63,716 - ARTCO LTD<br>ആകെ - 19,42,216/-( തനത് ഫണ്ട് ) |

ഈ പദ്ധതി പ്രകാരം ARTCO LTD ന്റെ 67384118780 എന്ന അക്കൗണ്ടിലേക്ക് (IFS Code SBIN0020782) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ 22.01.22ൽ 1,78,500/-രൂപയും 31.03.22 ല് 17,63,716/-രൂപയും ഉൾപ്പടെ ആകെ 19,42,216/- രൂപ നൽകിയിട്ടുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും ഈ പദ്ധതിയുടെ ആകെ ചെലവ് 19,42,216/- രൂപയാണ്. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ARTCO യ്ക്ക് നൽകിയ 1,78,500/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ARTCO LTD ന് നൽകിയ

17,63,716/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കോവിഡ് പ്രധിരോധ പ്രവർത്തനങ്ങളുടെ നിർവഹണാർത്ഥം ARTCO LTD ന് നൽകിയ 17,63,716/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തടസം-17,63,716/-രൂപ

എൻക്വയറി നമ്പർ. 20/21-22, 14.02.2023

## 1-21 ആധുനിക അറവ്ശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ- അറവുശാലയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ആരംഭിച്ചില്ല

ആധുനിക അറവ്ശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ (പ്രോജക്ട് നമ്പർ.105/21-22) എന്ന പദ്ധതി പ്രകാരം 97,75,546/- രൂപ ചെലവഴിച്ച് അറവ്ശാല നിർമ്മിക്കുന്നതിനായി 340.019 സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ആധുനിക അറവ്ശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ (പ്രോജക്ട് നമ്പർ.105/21-22) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 8689679( ധനകാര്യ കമ്മീഷൻ)<br>1586026( ബ്ലോക്ക് പഞ്ചായത്ത് )<br>2000000( ജില്ലാ പഞ്ചായത്ത് )<br>7500000( അഗ്ലോമറേഷൻ ഫണ്ട് )<br>ആകെ തുക -1,97,75,705/- |
| ചെലവ് | 8689679( ധനകാര്യ കമ്മീഷൻ)16/21-22, 10.11.21<br>1085867( ജില്ലാ പഞ്ചായത്ത് )-അക്കൗണ്ട് ട്രാൻസ്ഫർ<br>ആകെ തുക - 97,75,546/- |

ഒരു സെന്റിന് 28,750/- രൂപ ക്രമത്തിൽ 340.019 സെന്റ് ഭൂമിയാണ് ആധുനിക അറവ്ശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ എന്ന പദ്ധതി പ്രകാരം വാങ്ങിയത്. 05.11.21 ലാണ് ഭൂമി പഞ്ചായത്ത് സെക്രട്ടറി പേർക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ മേൽ ഭൂമി റവന്യൂ രേഖകളിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുകയോ, ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല. ആയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 09.02..23 ൽ മേൽ ഭൂമി റവന്യൂ രേഖകളിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുകയും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ഭൂമി നാളിതുവരെ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സേവനം ലഭ്യമാകുന്ന മുറയ്ക്ക് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആധുനിക അറവുശാല നിർമ്മാണം രണ്ടാം ഘട്ടം ( 204/21-22 ) എന്ന പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ ഇനത്തിൽ 1608800/-രൂപ അടങ്കൽ നിശ്ചയിച്ച് 2021-22 സാമ്പത്തികവർഷത്തിൽ പ്രോജക്ട് വച്ചിട്ടുണ്ടായിരുന്നെങ്കിലും 2021-22 സാമ്പത്തികവർഷത്തിൽ ഈ പദ്ധതിയ്ക്കായി ചെലവുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

Expression Of Intimation ക്ഷണിച്ച സമയത്ത് 50 വലിയ മൃഗങ്ങളേയും 100 ചെറിയ മൃഗങ്ങളേയും അറവ് നടത്തുന്നതിനായിരുന്നു Rough Cost Estimate ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 100 വലിയ മൃഗങ്ങളേയും 100ചെറിയ മൃഗങ്ങളേയും അറവ് നടത്തുന്നതാണ് വ്യാവസായികാടിസ്ഥാനത്തിൽ പഞ്ചായത്തിന് ലാഭകരമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ റിക്വയർമെന്റ് പ്രകാരം Rough Cost Estimate തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, ആധുനിക അറവുശാല നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത സെന്റർ ഫോർ ഫാമിംഗ് ആന്റ് ഫുഡ് പ്രോസസിംഗ്, കണ്ണൂർ എന്ന സ്ഥാപനത്തിനോട് നിർദ്ദേശിക്കുന്നതിനും, ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിനും, എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 30% തുക അഡ്വാൻസായി അനുവദിക്കുന്നതിനും 17.12.2022 ലെ 1(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനവുമായി 17.12.22ൽ സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത കരാറിൽ 50 വലിയ മൃഗങ്ങളേയും 100ചെറിയ

മൃഗങ്ങളേയും അറവ് നടത്തുന്നതു സംബന്ധിച്ച വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 100 വലിയ മൃഗങ്ങളേയും 100ചെറിയ മൃഗങ്ങളേയും അറവ് നടത്തുന്നതു സംബന്ധിച്ച പുതിയ റിക്വയർമെന്റ് പ്രകാരം Rough Cost Estimate തയ്യാറാക്കി നൽകാണ് 17.12.2022 പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നത്. കൂടാതെ കരാർ തീയതി മുതൽ 60 ദിവസത്തിനകം DPR തയ്യാറാക്കി സമർപ്പിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ 17.12.2022 ലെ 1(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സത്വരവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതിവിവരം അറിയിക്കേണ്ടതുമാണ്.

എൻക്വയറി നമ്പർ. 22/21-22, 15.02.2023

1-22 ഗ്രാമസഭ മിനിട്സ് പരിപാലിക്കുന്നതിൽ അപാകതകൾ

പ്രാദേശിക വികസനത്തിന്റെ ജീവനാഡിയായ ജനപങ്കാളിത്തം ഉറപ്പാക്കുന്ന ഗ്രാമസഭകൾ പദ്ധതി ആസൂത്രണത്തിൽ നിർണ്ണായകപങ്ക് വഹിക്കുന്ന സംവിധാനമാണ്. വികസന പരിപ്രേഷ്യവും, കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കലും യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളതും നിർബന്ധവ്യവസ്ഥയാണ്.

പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിന് മുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ ഗ്രാമപഞ്ചായത്തിലുടനീളം സംഘടിപ്പിക്കണം.വിവിധ മാധ്യമങ്ങളിലൂടെ ഇത് നടപ്പിലാക്കാവുന്നതാണ്.

ഗ്രാമസഭ മിനിട്സ് പരിപാലിക്കുന്നതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വിവിധ വാർഡുകളിലെ മിനിട്സിൽ ഗ്രാമസഭ കൂടുന്നതിന്റെ നോട്ടീസ് പതിപ്പിക്കുന്നില്ല

ഉദാ. 13.02.2021,14.02.2021 തീയതികളിൽ കൂടിയ ഗ്രാമസഭ യോഗം

(2) ഗ്രാമസഭ കൂടിയ സ്ഥലം, അധ്യക്ഷൻ, അജണ്ട എന്നിവ ഉൾപ്പെടുത്തുന്നില്ല

ഉദാ. വാർഡ് 8 തീയതി. 16.04.2022 ലെ ഗ്രാമസഭ യോഗം

(3) മിനിട്സ് കൺവീനർ/മെമ്പർ, കോഓർഡിനേറ്റർ എന്നിവർ ഒപ്പ് വച്ച് ആധികാരിമാക്കുന്നില്ല

ഉദാ. വിവിധ വാർഡുകൾ

(4) യോഗതീരുമാനങ്ങൾ എഴുതിചേർക്കാതെ മിനിട്സ് സൂക്ഷിച്ചിരിക്കുന്നു.

ഉദാ. വാർഡ് 3 തീയതി. 14.01.2022

(5) ക്വാറം തികയാതെ ഗ്രാമസഭ കൂടിയിരിക്കുന്നു.

ഉദാ. വാർഡ് 16 തീയതി. 13.01.2022,26.02.2022

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അംഗീകരിക്കൽ ഉൾപ്പെടെയുള്ള ഗ്രാമസഭ മീറ്റിംഗുകളാണ് ഇപ്രകാരം ക്വാറം തികയാതെ കൂടിയിരിക്കുന്നത് എന്നത് വളരെ ഗുരുതരമായ അവസ്ഥയാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും ഗ്രാമസഭ ചേരുന്നതിനുള്ള ക്വാറം ഏകദേശം 100 മുതൽ 150 വരെ പേരിൽ കൂടുതലായതിനാൽ ക്വാറം പരിഗണിക്കാതെ ഗ്രാമസഭ യോഗം ചേരുന്നതിന് അനുമതി നല്കണമെന്ന് യോഗം ഐകകണ്ഠേന അംഗീകരിച്ച് സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ടെങ്കിലും (3.01.2022 ലെ അജണ്ട 1 തീരുമാനം 2 )തുടർനിർദ്ദേശം ലഭിച്ചിട്ടില്ല. ആയതിനാൽ ഗ്രാമസഭ ആവശ്യമായ അംഗങ്ങളെ ഉൾപ്പെടുത്തി കൂടുന്നതിന് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ1/2021-22തീയതി. 07.02.2023) ക്ക് “മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലയെന്നും,ക്വാറം തികയാതെ ഗ്രാമസഭ കൂടിയതിന് ഗ്രാമസഭ കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകിയതായും” ഉള്ള മറുപടിയാണ് ഹാജരാക്കിയത്.

ഗ്രാമസഭ യോഗങ്ങൾ ജനപങ്കാളിത്തത്തോടെയും കാര്യക്ഷമമായും ആണ് സംഘടിപ്പിക്കുന്നതെന്ന്

ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ ആസൂത്രണസമിതികൾ സ്വീകരിക്കേണ്ടതാണ്. കിലയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഗ്രാമസഭയോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തേണ്ടതാണ്.

1-23 ഇ-ടെണ്ടർ ഫാറം വില തനത് ഫണ്ടിലേയ്ക്ക് വരവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം ജില്ലാപഞ്ചായത്ത് ഇ.ഇ.-യുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത ഫാറ വില 1,25,500/- തനത് ഫണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-24 ഫൈൻ കുറവായി ഈടാക്കി

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ഇനത്തിൽ തുക , ( P.A.C തുകയുടേ 0.1% തുക ,വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീയാക്കിയ പ്രവൃത്തിയുടെ കരാറുകാരന് തുക അനുവദിച്ചതിൽ Compensation For Delay Charges തെറ്റായി ഈടാക്കിയതിൻ്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) പ്രോജക്റ്റ് നം.102/22-കാട്ടൂർ സംഗമം-മുളകുവിള റോഡ് റീ ടാറിംഗ്
ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ്)6,50,000/-മറ്റുള്ളവ 6,00,000/- ആകെ 12,50,000/-
എഗ്രീഡ് പി.എ.സി.-10,95,428/-രൂപ
എം.ബുക്ക് നം. 269/21-22
ബിൽ നം.24/18.03.2022 തുക 6,34,481/-
കരാറുകാരൻ - ശ്രീ. വിജയരാജ്.ഡി
എഗ്രിമെൻ്റ്നം.30/AE/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 14.08.2020
ടി.എസ്.നം.13104/20-21 തീ.17.05.20
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി :14.08.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 26.02.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -14.06.2021
വൈകിയ കാലയളവ് : 257ദിവസങ്ങൾ
അതിനാൽ ഈടാക്കേണ്ട ഫൈൻ :40,202 /-രൂപ (10,95,428/-രൂപ X.1%= 257/7 X 257ദിവസം )
ഈടാക്കിയ ഫൈൻ :10,895/-രൂപ .
കുറവ് : 29307/-രൂപ.

(2)പ്രോജക്റ്റ് നം.135/20-21-ഇടപ്പനയം കാഷ്യൂ ഫാക്ടറി റോഡ് കോൺക്രീറ്റിംഗ്
ഫണ്ട്- ധനകാര്യകമ്മിഷൻഗ്രാൻ്റ് 2,55,108/-
എഗ്രീഡ് പി.എ.സി.-2,27,775/-രൂപ
എം.ബുക്ക് നം. 38/19-20
ബിൽ നം.11/18.02.2022 തുക 2,52,129(12% ജി.എസ്.ടി)
കരാറുകാരൻ - ശ്രീ. ജി.ബി.ശശികുമാർ
എഗ്രിമെൻ്റ്നം.23/എ.ഇ/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 10.08.2020
ടി.എസ്.നം.12058/20-21 തീ.15.05.20
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം

പ്രവൃത്തി ആരംഭിച്ച തീയതി :10.08.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 18.01.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -10.06.2021
വൈകിയ കാലയളവ് : 223ദിവസങ്ങൾ
അതിനാൽ ഈടാക്കേണ്ട ഫൈൻ :7256 /-രൂപ (2,27,775/-രൂപ X.1%= 223/7 X 440 ദിവസം )
ഈടാക്കിയ ഫൈൻ :2251/-രൂപ .
കുറവ് : 5,005/-രൂപ.

(3)പ്രോജക്ട് നം.102/20-21-കുളപ്പാടം ജംഗ്ഷൻ-മുസ്ലിം പള്ളി -ഇ.എസ്. ഐ. ജംഗ്ഷൻ റോഡ് റീടാറിംഗ്
ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ്)7,50,000/-മറ്റുള്ളവ 7,00,000/- ആകെ 14,50,000/-
എഗ്രീഡ് പി.എ.സി.-12,88,949/-രൂപ
എം.ബുക്ക് നം. 40/19-20,41/19-20
ബിൽ നം.26/21-22 തീയതി. 30.03.2022 തുക 8,49,282/-
കരാറുകാരൻ - ശ്രീ. വിജയരാജ്.ഡി
എഗ്രിമെന്റ്നം.32/എ.ഇ/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 14.08.2020
ടി.എസ്.നം.18400/20-21 തീ.24.05.2020
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി :14.08.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 19.03.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -14.06.2021
വൈകിയ കാലയളവ് : 279ദിവസങ്ങൾ
അതിനാൽ ഈടാക്കേണ്ട ഫൈൻ : 51,374/-രൂപ (12,88,949/-രൂപ X.1%= 279/7 X 279ദിവസം )
ഈടാക്കിയ ഫൈൻ :10,186/-/-രൂപ .
കുറവ് :41,188 /-രൂപ.

(4)പ്രോജക്ട് നം.91/20-21- കർമ്മലറാണി മാവിലെ കിഴക്കേക്കര റോഡ് റീടാറിംഗ്
ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ്)5,00,000/-
എഗ്രീഡ് പി.എ.സി.-4,46,367/-രൂപ
എം.ബുക്ക് നം. 286/21-22
ബിൽ നം.29/21-22 തീയതി. 30.03.2022 തുക 499443/-
കരാറുകാരൻ – കെ.ആർ.പി.കൺസ്ട്രക്ഷൻ
എഗ്രിമെന്റ്നം.20/എ.ഇ/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 06.08.2020
ടി.എസ്.നം.13467/20-21 തീ.17.05.2020
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി :06-08-20
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 19.03.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -06.06.2021
വൈകിയ കാലയളവ് : 287ദിവസങ്ങൾ
അതിനാൽ ഈടാക്കേണ്ട ഫൈൻ :18286/-രൂപ (4,46,367/രൂപ X.1%= 287/7 X 287വസം )
ഈടാക്കിയ ഫൈൻ :4,459/-രൂപ .
കുറവ് :13,827 /-രൂപ.

(5)പ്രോജക്ട് നം.99/20-21- പള്ളിമുക്ക് രക്ഷാസൈന്യം വേലംപറമ്പ് റോഡ് റീടാറിംഗ്
ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ്)6,50,000/-മറ്റുള്ളവ 6,00,000/- ആകെ 12,50,000/-
എഗ്രീഡ് പി.എ.സി.-11,05,439/-രൂപ

എം.ബുക്ക് നം. 266/21-22
ബിൽ നം.25/21-22 തീ.27-3-22 തുക 5,93,223/-രൂപാ
കരാറുകാരൻ – ശ്രീ. വിജയരാജ്.ഡി
എഗ്രിമെന്റ്നം.29/എ.ഇ/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 14.08.2020
ടി.എസ്.നം.8097/20-21 തീ.10.05.2020
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി :14.08.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 16.02.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -14.06.21
വൈകിയ കാലയളവ് : 248ദിവസങ്ങൾ
അതിനാൽ ഈടാക്കേണ്ട ഫൈൻ :-39,148/-രൂപ (11,05,439/-രൂപ X.1%= 248/7 X 248ദിവസം )
ഈടാക്കിയ ഫൈൻ :-11,035രൂപ .
കുറവ് :28,113/-രൂപ.

(6)പ്രോജക്ട് നം.55/20-21- റിനോവേഷൻ ഓഫ് സിങ്കപ്പൂർ ജംഗ്ഷൻ -കല്ലുകുഴി ഏലാ റോഡ്
ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ്)5,00,000/-
എഗ്രീഡ് പി.എ.സി.-4,45,761/-രൂപ
എം.ബുക്ക് നം. 267/21-22
ബിൽ നം.28/2021-22 തീയതി.27-3-22, 4,99,059/-
കരാറുകാരൻ – കെ.ആർ പി കൺസ്ട്രക്ഷൻ
എഗ്രിമെന്റ്നം.25/എ.ഇ/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 10.08.2020
ടി.എസ്.നം.7821/20-21 തീ.10.05.2020
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി :10.08.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 22.03.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -10.06.2021
വൈകിയ കാലയളവ് : 286ദിവസങ്ങൾ
അതിനാൽ ഈടാക്കേണ്ട ഫൈൻ :-18212/-രൂപ (4,45,761/-രൂപ X.1%= 286/7 X 286ദിവസം )
ഈടാക്കിയ ഫൈൻ :-4,456/-രൂപ .
കുറവ് :13,756/-രൂപ.

(7) പ്രോജക്ട് നം.58/20-21-കാഞ്ഞാകുന്നിൽ പൊയ്കയിൽ ഇറ റോഡ് കോൺക്രീറ്റിംഗ്
ഫണ്ട്- 2,52,168/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)
എഗ്രീഡ് പി.എ.സി.-2,25,150/-രൂപ
എം.ബുക്ക് നം. 39/2019-20
ബിൽ നം.12/18.02.2021 തുക 252168/-
കരാറുകാരൻ - ശ്രീ. ജി.ബി ശശികുമാർ
എഗ്രിമെന്റ്നം.26/AE/എൽ.എസ്.ജി.ഡി/എൻ.ഡി.പി.എൻ.എ /20-21/ 10.08.2020
ടി.എസ്.നം.9630/20-21 തീ.12.05.20
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി :10.08.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 19.01.2022
കോവിഡ് കാല ഇളവ് പരിഗണിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -10.06.2021
വൈകിയ കാലയളവ് : 224 ദിവസങ്ങൾ

അതിനാൽ ഈടാക്കേണ്ട ഫൈൻ :7,205/--രൂപ (225150/-രൂപ X.1%= 224/7 X 224 ദിവസം )

ഈടാക്കിയ ഫൈൻ :2,252/-രൂപ .

കുറവ് : 4,953/-രൂപ.

കുറവായി ഈടാക്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം12/2021-22

തീയതി. 13.02.2023

1-25 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- നിർമ്മാണ സാധനങ്ങൾ കുടുംബശ്രീ വഴി വിപണിവിലയിൽ കൂട്ടി വാങ്ങി - അധികചെലവ്

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ പ്രവൃത്തികൾക്കായി

സാധനങ്ങൾ വാങ്ങുന്നത് അതാത് സമയം നിലനിൽക്കുന്ന വിപണിവിലയുടെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ പഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികളിൽ വെണ്ടർ ആയ കുടുംബശ്രീ നിർമ്മാണ സാധനങ്ങൾ പ്രൈവറ്റ് ഏജൻസിയിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങി കൂടിയ നിരക്കിൽ വർക്ക് സൈറ്റിൽ എത്തിക്കുന്നതിനാൽ നിർമ്മാണ സാമഗ്രികൾക്ക് അധിക തുക ചെലവഴിക്കുന്നതിന് കാരണമാകുന്നു.

സ.ഉ. (എം.എസ്) നം. 110/2018/ത.സ്വ.ഭ.വ തിരു.തീയതി. 13.08.2018 (എഫ്) പ്രകാരം ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ വെണ്ടർ ആയി സി.ഡി.എസ് നെ തെരഞ്ഞെടുക്കാവുന്നതാണ്. ആയതിനായി ഗ്രാമ പഞ്ചായത്തിന് കുടുംബശ്രീ സി.ഡി.എസ് മായി സാധനസാമഗ്രികളുടെ വാങ്ങലിന് നേരിട്ട് കരാറിലേർപ്പെടാവുന്നതാണ്. ഇപ്രകാരം സി.ഡി.എസ് മെമ്പർ സെക്രട്ടറിയായ അസി.സെക്രട്ടറി വെണ്ടർ എന്ന നിലയിൽ പഞ്ചായത്ത് സെക്രട്ടറിയുമായി ധാരണാ പത്രം തയ്യാറാക്കി എസ്റ്റിമേറ്റ് നിരക്കിൽ സാധനങ്ങൾ വർക്ക് സൈറ്റിൽ കൈമാറുന്നതിനായി ധാരണാപത്രം തയ്യാറാക്കിയങ്കിലും ആയത് ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല. 02.11.2020ൽ മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കിയ ധാരണാപത്രം ഓഡിറ്റിന് ഹാജരാക്കിയെങ്കിലും അന്നത്തെ സെക്രട്ടറിയും അസി.സെക്രട്ടറിയും ധാരണാ പത്രത്തിൽ ഒപ്പ് വയ്ക്കാത്തതിനാൽ ആയതിന് നിയമസാധുതയില്ല. അതുകൊണ്ട് തന്നെ എസ്റ്റിമേറ്റ് നിരക്കിൽ സാധനങ്ങൾ സൈറ്റിൽ എത്തിക്കുന്നുവെന്ന് ഉറപ്പിക്കുവാൻ കഴിയുന്നില്ല.

കുടുംബശ്രീ ഒരു പ്രൈവറ്റ് ഏജൻസിയിൽ (ജി. രാജീവ്, കെ.എസ്.ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്) നിന്നും സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും കൂടിയ നിരക്കായ (എസ്റ്റിമേറ്റ് നിരക്ക്) ൽ ഗ്രാമപഞ്ചായത്ത് വർക്കുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുക വഴി കുടുംബശ്രീക്ക് പ്രസ്തുത ഇടപാടിൽ വൻലാഭമുണ്ടാകുകയും പഞ്ചായത്തിന് നിർമ്മാണസാമഗ്രികൾക്ക് അധികതുക ചെലവഴിക്കേണ്ടിയും വരുന്ന സാഹചര്യം ഉണ്ടാകുന്നു.

| ഇനം | കെ.എസ്.ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് കുടുംബശ്രീക്ക് സാധനം വിതരണം ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
|---|---|---|
| 40mm Metal | 2650/m3 | 2703.75/m3 |
| 20mm Metal | 2650/m3 | 2703.75/m3 |
| 10mm Metal | 2850/m3 | 3029.25/m3 |
| Portland Cement | 470/ Bag | 515.20/m3 |
| M Sand | 2045/m3 | 2047.50 |
| G.I Sheet | 245/m2 | |

| | | |
|---|---|---|
| Steel Tube | 68.4/kg | . |
| Steel | 74/kg | . |
| 4mm Glass | 495/m2 | . |

ഗ്രാമ പഞ്ചായത്തിൽ 6 മെറ്റീരിയൽ വർക്കുകളാണ് തൻവർഷം നടപ്പിലാക്കിയത്. മേൽ പ്രവൃത്തികളിലെല്ലാം തന്നെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചിരിക്കുന്നു. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം വഴിയുണ്ടായ ലാഭം കുടുമ്പശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്നു.

ആലപ്പുഴ ജില്ലാ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓമ്പുട്സ്മാൻ നൽകിയ കത്തിൽ സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന എൽ .എം.ആർ നിരക്ക് നൽകാൻ പാടില്ലയെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാൻ പാടുള്ളൂവെന്നും കർശന നിർദ്ദേശം ഉണ്ട്. കുടുമ്പശ്രീ മിഷൻ ഡയറക്ടർ 17.08.2022 ൽ എല്ലാ ജില്ലകളിലേയും ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് നൽകിയ കത്തിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രൈവറ്റ് ഏജൻസിയിൽ നിന്നും നിർമ്മാണ സാമഗ്രികൾ വാങ്ങിയ ഇപ്രകാരമുള്ള നടപടി നിയമവിധേയമല്ല. യഥാർത്ഥ മാർക്കറ്റ് വില പരിഗണിക്കാതെ ലോക്കൽ മാർക്കറ്റ് നിരക്ക് നൽകുക വഴി പഞ്ചായത്തിൽ നിർമ്മാണ സാമഗ്രികൾക്ക് അധികതുക നല്കേണ്ടി വരുന്നു.

മേൽ സംഗതികളിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ പരാമശിച്ച ധാരണാ പത്രത്തിൽ അതാത് ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പിച്ച് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. കരാറുകൾ യഥാസമയം ചമയ്ക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്. വെണ്ടർ ആയ കുടുംബശ്രീ പ്രൈവറ്റ് ഏജൻസിയിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങി കൂടിയ നിരക്കിൽ വർക്ക് സൈറ്റിൽ എത്തിച്ചു വഴി പഞ്ചായത്തിന് അധികചെലവ് ഉണ്ടായിട്ടില്ല എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. നിർമ്മാണ പ്രവൃത്തികൾ ഉത്തരവുകൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 13/2021-22/13.02.2023

### 1-26 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് അധിക ബാദ്ധ്യത

ഗ്രാമ പഞ്ചായത്തിൽ KWA യ്ക്ക് ടാപ്പൊന്നിന് 5512.5/-രൂപ പ്രതിവർഷനിരക്കിൽ 501 പൊതുടാപ്പുകൾക്ക് പ്രതിമാസം 230168/-രൂപ വാട്ടർ ചാർജായി അടവാക്കുന്നുണ്ട്. പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങളും സംയുക്ത പരിശോധന നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെയും , ജലജീവൻ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ചും നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ജലജീവൻ പദ്ധതിയുടെ പൂർത്തീകരണം നടന്നുകൊണ്ടിരിക്കുന്നുവെന്നും, സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് - വാട്ടർ അതോറിറ്റി സംയുക്ത പരിശോധനയിലൂടെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തി റിപ്പോർട്ട് ലഭ്യമാക്കി. ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി വാട്ടർ ചാർജിനത്തിൽ തുക അടവാക്കിയിട്ടുണ്ടെങ്കിൽ അത് തിട്ടപ്പെടുത്തി വരുംമാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം - 16/14.02.2023

### 1-27 പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂൾ കെട്ടിടത്തിനായി വാടകതുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി 28.01.2020-ൽ മുഹമ്മദ് കഹാർ, അദില എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള (15-ാം വാർഡ്) കെട്ടിടം പ്രതിമാസം 10,000രൂപ നിരക്കിൽ വാടകയ്ക്ക് എടുത്തിട്ടുണ്ട്. 2 വർഷ കാലയളവിലേയ്ക്ക് വാടകയെടുക്കുന്നതിനാണ് കരാർ ചമച്ചിട്ടുള്ളത്. 2 വർഷക്കാലം കെട്ടിടത്തിന് വാടക നൽകിയെങ്കിലും നാളിതുവരെ ബഡ്സ് സ്കൂൾ

തുടങ്ങുന്നതിനാവശ്യമായ യാതൊരു തുടർപ്രവർത്തനങ്ങളും നടത്തിയിട്ടില്ല. 2 വർഷക്കാലയളവിൽ 2,20,953/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | തുക | ഇനം | ചെക്ക് നം. |
|---|---|---|---|
| 1 | 50,000/- | വാടക (01/21 - 05-21) | 572460/18.6.21 |
| 2 | 40,000/- | വാടക (06/21 - 09-21) | 573435/23.10.21 |
| 3 | 953/- | ഇലക്ട്രിസിറ്റി ( 10/21 - 11/21) | 574389/28.12.21 |
| 4 | 20,000/- | വാടക ( 10/21 - 11/21) | 574393/31.12.21 |
| ആകെ 1,10,953/-രൂപ | | | |

2021-22 സാമ്പത്തികവർഷം 1,10,953/-രൂപ തനത് ഫണ്ടിൽ നിന്നും ബഡ്സ് സ്കൂൾ വാടകകെട്ടിടത്തിനായി ചെലവഴിച്ചിട്ടുള്ളതാണ്. വാടകയിനത്തിലും മറ്റും തുക ചെലവഴിച്ചതും ബഡ്സ് സ്കൂൾ പ്രവർത്തനം തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ലായെന്നും 31.3.21 ലെ 1(2) നമ്പർ തീരുമാന പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ പഞ്ചായത്തിന്റെ പരിധിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡി.സി.സി, സി.എസ്.എൽ.റ്റി.സി എന്നിവ പ്രവർത്തിച്ചിട്ടുള്ളതും, മേൽ കെട്ടിടം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചത് സംബന്ധിച്ച യാതൊരു ചെലവ് രേഖകളും ഹാജരാക്കാനും കഴിയാത്ത സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.09.2018 ലെ 9372/L/2017/KSHO ഉത്തരവ് പ്രകാരം പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം നെടുമ്പന പഞ്ചായത്തിന് 12.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം അനുവദിച്ച തുക ബഡ്സ് സ്കൂൾ നിർമ്മാണം, വാടക (6 മാസത്തേക്ക്) അനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് അനുവദിച്ചിരുന്നത്. 12.5 ലക്ഷം രൂപ ബഡ്സ് സ്കൂൾ നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വിനിയോഗിച്ചിരുന്നെങ്കിൽ 12.5 ലക്ഷം രൂപ കൂടി (ആകെ 25 ലക്ഷം ) അനുവദിക്കുമായിരുന്നു. എന്നാൽ 12.5 ലക്ഷം രൂപ വിനിയോഗിക്കപ്പെടാത്തതിനാൽ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

നെടുമ്പന പഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണത്തിന്റെ ഇരട്ടിയിലധികമാണ്. പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം 47 ആയിരുന്നത് ഈ സാമ്പത്തിക വർഷം 68 എണ്ണമായി ഉയർന്നിട്ടുണ്ട്. മേൽ കണക്കുകൾ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മേൽ സാഹചര്യങ്ങൾ നിലനിൽക്കെ 2 വർഷത്തേയ്ക്ക് ബഡ്സ് സ്കൂളിനായി വാടകയ്ക്ക് കെട്ടിടം എടുക്കുകയും വാടകയിനത്തിൽ തുക ചെലവഴിക്കുകയും, കൂടാതെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ 2018-19 ൽ തന്നെ അനുവദിച്ച തുക ഉപയോഗിക്കാതെ തിരിച്ചടയ്ക്കേണ്ട സാഹചര്യവും നിലനിൽക്കുകയും ചെയ്യുമ്പോൾ നാളിതുവരെ ബഡ്സ് സ്കൂൾ തുടങ്ങുന്നതിനാവശ്യമായ യാതൊരു പ്രാരംഭ പ്രവർത്തനങ്ങളും പഞ്ചായത്ത് സെക്രട്ടറിയുടെയോ ഭരണസമിതിയുടെയോ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. പഞ്ചായത്തിൽ ബഡ്സ് സ്കൂളിന്റെ ആവശ്യകത അനിവാര്യമായിരിക്കെ ആയതിന്റെ പ്രവർത്തനാരംഭത്തിന് നാളിതുവരെ യാതൊരു നടപടിയൊന്നും സ്വീകരിക്കാതെ വീഴ്ച വരുത്തിയ സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം ബഡ്സ് സ്കൂൾ വാടക കെട്ടിടത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 1,10,953/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവ ആരംഭിക്കുന്നതിന്റെ അനിവാര്യതയിലേക്ക് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം - 18/14.02.2023

നിരാകരിച്ച തുക - 1,10,953/-രൂപ

1-28 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അപാകതകൾ

പഞ്ചായത്തിന്റെ പരിധിയിലുള്ള ഇലക്ട്രിക് പോസ്റ്റുകളിലെ തകരാറുകുന്ന തെരുവു വിളക്കുകൾ എ.എം.സി മുഖേന നന്നാക്കുന്നതിനുവേണ്ടി തനതു ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്(153/21-22). ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്(153/21-22) |
| അടങ്കൽ | 30,00,000/-( തനത് ഫണ്ട് ) |
| ചെലവ് | 23,17,035/-( തനത് ഫണ്ട് ) |

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ലഭിച്ച നാല് ടെണ്ടറുകളിൽ കുറവ് രേഖപ്പെടുത്തിയ എയർമെക്ക് എയർകണ്ടീഷൻ എന്ന സ്ഥാപനത്തിൽ നിന്നും നാളിതുവരെ ഹാർഡ്കോപ്പി ലഭിക്കാതിരിക്കുകയും ലഭ്യമായ മൊബൈൽ നമ്പരിൽ ബന്ധപ്പെടാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിൽ മറ്റ് മൂന്ന് കരാറുകാരിൽ നിന്നും സീൽ വച്ച കവറിൽ നെഗോഷിയേറ്റ് ചെയ്ത് തുക രേഖപ്പെടുത്തി വാങ്ങുന്നതിന് 16.02.21 ലെ 1(10) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. നെഗോഷിയേറ്റ് ചെയ്ത് തുക രേഖപ്പെടുത്തി ലഭിച്ചതിൽ ഏറ്റവു കുറവ് രേഖപ്പെടുത്തിയ ജോസ്.എസ് എന്ന കരാറുകാരന്റെ ക്വട്ടേഷൻ 23.02.21 ലെ 1(3) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും, കരാറുകാരനുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ട് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ആരംഭിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ.ജോസ് നെഗോസിയേഷൻ പ്രകാരം രേഖപ്പെടുത്തിയ തുക താഴെ പറയുംപ്രകാരമാണ്.

| ഇനം | തുക |
|---|---|
| CFL | 485 |
| Single Tube | 620 |
| Double Tube | 730 |
| Led Set 20watt | 600 |

പ്രസ്തുത പദ്ധതിയുടെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കുലർ നം.3055/ഡി.എ3/2011/ത.സ്വ.ഭ.വ, 15.09.2011, തെരുവ് വിളക്കുകളുടെ പിരപാലനം (റിപ്പയറും മെയിന്റനൻസും ) ടെണ്ടറിംഗിലൂടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളവ ആകേണ്ടതാണ്. എന്നാൽ പ്രവൃത്തികൾക്ക് ഉപയോഗിച്ച സാമഗ്രികളുടെ നിലവാരം സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല.

2. ഇലക്ട്രിക് സെക്ഷനിലെ അസി.എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമാണ് പ്രവൃത്തി നടത്തിയത് എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയും കെ.എസ്.ഇ.ബി യിലേയും അധികാരികൾ സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതും അവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ പരാമർശിച്ചിട്ടില്ലാത്തതുമാണ്.

4. കരാറുകാരൻ സ്പെയർപാട്സുകൾ വാങ്ങുമ്പോൾ ഉണ്ടാകുന്നതുൾപ്പടെയുള്ള നികുതികളും ലെവികളും അവയുടെ ശരിയായ തെളിവുകൾ ഹാജരാക്കിയാൽ മാത്രമാണ് തുക റീഇംബേഴ്സ് ചെയ്ത് നൽകേണ്ടത്. കരാറുകാരന് രണ്ട് തവണകളായി യഥാക്രമം 3,92,534/-രൂപ, 18,31,821/-രൂപ എന്നിവ ഉൾപ്പടെ ആകെ 22,24,355/-രൂപ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി നൽകിയിട്ടുണ്ട്. എന്നാൽ സ്പെയർപാട്സുകൾ വാങ്ങിയതിന്റെ തെളിവുകൾ ഹാജരാക്കാതെയാണ് കരാറുകാരന് തുക റീഇംബേഴ്സ് ചെയ്ത്

നൽകിയിട്ടുള്ളത്.

5. കരാർ ലഭിക്കുന്ന അൾ ആകെ കരാർ തുകയുടെ പത്ത് ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്. എന്നാൽ കരാറുകാരനിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

6. പരാതിയുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം( പോസ്റ്റ് നമ്പർ ഉൾപ്പടെ )

എന്നിവ സംബന്ധിച്ച ഒരു രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ, വൈദ്യുതി ബോർഡിന്റെ ഓഫീസിലോ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ കരാറുകാരൻ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് സുതാര്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

എൻക്വയറി നമ്പർ. 22/21-22, 15.02.23

1-29 എം.സി.എഫിനായി നിർമ്മിച്ച കെട്ടിടം പ്രവർത്തന രഹിതമായി കിടക്കുന്നു

എം.സി.എഫ്-എം.ആർ.എഫ് നിർമ്മാണം (പ്രോജക്ട് നമ്പർ.54/19-20) എന്ന പദ്ധതി പ്രകാരം 17,42,355/-രൂപ ചെലവഴിച്ച് കളയ്ക്കലിൽ 29.07.2020 ൽ എം.സി.എഫിന്റെ നിരമ്മാണം പൂർത്തീകരിച്ചെങ്കിലും ആയത് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിലവിൽ എം.സി.എഫ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എം.സി.എഫിന്റെ നിരമ്മാണം പൂർത്തീകരിച്ചെങ്കിലും ആയത് നാളിതുവരെ പ്രവർത്തിക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, എം.സി.എഫിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും 23വാർഡുകളിലേയും പ്ലാസ്റ്റിക്ക് ശേഖരണം നടത്താൻ ടി കെട്ടിടത്തിന്റെ സൗകര്യം പര്യാപ്തമല്ലാത്തതിനാലാണ് വാടകകെട്ടിടത്തിലേക്ക് മാറ്റിയതെന്നും , ടി സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റവന്യൂ അധികാരികളുമായി തർക്കം നിലനിൽക്കുന്നുവെന്നും, ടി കെട്ടിടവും, കെട്ടിടം നിലനിൽക്കുന്ന ഭൂമിയും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലായെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആവശ്യകത നിർണ്ണയിച്ച ശേഷം, 2019-20 സാമ്പത്തിക വർഷത്തിൽ മാത്രം പണി പൂർത്തീകരിച്ച കെട്ടിടത്തിൽ 23വാർഡുകളിലേയും പ്ലാസ്റ്റിക്ക് ശേഖരണം നടത്താൻ ടി കെട്ടിടത്തിന്റെ സൗകര്യം പര്യാപ്തമല്ലാ എന്ന മറുപടി തൃപ്തികരമല്ല. ടി കെട്ടിടവും, കെട്ടിടം നിലനിൽക്കുന്ന ഭൂമിയും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലും, ടി സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റവന്യൂ അധികാരികളുമായി തർക്കം നിലനിൽക്കുന്ന സാഹചര്യത്തിലും 2021-22സാമ്പത്തികവർഷത്തിലും ടി കെട്ടിടത്തിനായി പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ചെലവ് | തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | കറണ്ട് കണക്ഷൻ എടുത്തത്<br>( Three Phase) | 09.06.22 | 5980 | 107649/10.06.22 |
| 2 | കറണ്ട് ചാർജ് | 15.07.22 | 180 | 107699/21.07.22 |
| 3 | കറണ്ട് ചാർജ് | 16.09.22 | 355 | 109762/22.09.2 |
| 4 | കറണ്ട് ചാർജ് | 15.11.22 | 355 | 114324/17.11.22 |
| 5 | കറണ്ട് ചാർജ് | 13.01.23 | 355 | 117461/23.01.23 |
| | | | ആകെ 7225/- | |

ഇതു കൂടാതെ, 16.04.21 ലെ 1(4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , തനത് ഫണ്ടിനത്തിൽ 3,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് അംഗൻവാടികളുടേയും എം.സി.എഫിന്റേയും വൈദ്യുതീകരണം (152/21-22) എന്ന പദ്ധതി പ്രകാരം മൂന്ന് അംഗൻവാടികളുടേയും എം.സി.എഫിന്റെയും വൈദ്യുതീകരണത്തിനായി പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ വിങിൽ 3,00,000/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

എന്നാൽ ടി പ്രവർത്തിയുടെ Detailed Estimate പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

14.02.23 ൽ ഭൗതിക പരിശോധനയിൽ, എം.സി.എഫിനായി പണി പൂർത്തീകരിച്ച കെട്ടിടം നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഹരിതകർമ്മസേന ശേഖരിച്ച അജൈവമാലിന്യങ്ങൾ നിലവിലും ടി കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ ത്രീ ഫേസ് ഇലക്ട്രിക്കൽകണക്ഷൻ ആണ് എടുത്തിട്ടുള്ളതെന്നും, ആയതിന്റെ അടിസ്ഥാനത്തിലുള്ള വയറിംഗ് ആണ് ടി കെട്ടിടത്തിൽ ചെയ്തിട്ടുള്ളതെന്നും എ.ഇ, എൽ.എസ്.ജി.ഡി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

എം.സി.എഫ് കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റവന്യൂ അധികാരികളുമായി തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കി തർക്കം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, എം.സി.എഫ് കെട്ടിടവും, കെട്ടിടം നിലനിൽക്കുന്ന ഭൂമിയും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിരവും കാര്യക്ഷമവുമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-30 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കരാർ തീയതി | പദ്ധതി പ്രകാരം നൽകുന്ന തുക | നൽകിയ ഗഡുക്കൾ | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | 109/21-22 ലൈഫ് ഭവന നിർമ്മാണം( ജനറൽ ) | മേഴ്സി ബേബി കിഴങ്ങുവിളയിൽ പുത്തൻവീട് വാർഡ് 20 | 24.09.20 | 4,00,000/- | 40,000/- 28.01.2021 | 3,60,000/- |
| 2. | 110/21-22 ലൈഫ് ഭവന നിർമ്മാണം( പട്ടികജാതി) | സോമലേഖ ലേഖ സദനം നെടുമ്പന വാർഡ് 13 | 15.10.20 | 4,00,000/- | 40,000/- 11.01.21 | 3,60,000/- |
| 3 | 110/21-22 ലൈഫ് ഭവന നിർമ്മാണം( പട്ടികജാതി) | ശശികല ശ്യാം ഭവനം ചിറയിൽ വീട് | 04.08.20 | 4,00,000/- | 40,000/-( 11.01.21) 1,60,000/-( 06.08.21) | 2,00,000/- |
| 4. | 33/21-22 ലൈഫ് ഭവന നിർമ്മാണം( ജനറൽ ) | വിജയ.സി ചെല്ലമ്മ ഭവനം വാർഡ് 22 | 6.11.20 | 4,00,000/- | 40,000/-( 11.01.21) 1,60,000/-( 06.08.21) | 2,00,000/- |
| 5 | 111/21-22 ലൈഫ് ഭവന നിർമ്മാണം | തങ്കമണിയമ്മ രതീഷ് ഭവൻ വാർഡ്-21 | 15.03.2019 | 4,00,000/- | 40,000/- 26.03.19 1,60,000/-07.08.19 | 2,00,000/- |
| 6 | 111/21-22 ലൈഫ് ഭവന | റോയ് പി.റ്റി തെക്കേവിള | 10.08.18 | 4,00,000/- | 40,000/-ബിൽ നമ്പർ.20/18-19, | 3,60,000/- |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം | പുത്തൻവീട് നല്ലില വാർഡ്-5 | | | 25.10.18 | |
| | | | | | ആകെ 7,20,000 | |

ആദ്യ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കൾക്ക് നല്കിയ 7,20,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണരേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 7,20,000/

എൻക്വയറി നമ്പർ.23/21-22, 15.02.2023

എൻക്വയറി നമ്പർ.8/21-22, 13.02.2023

1-31 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല -ചെലവ്തുക തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം 'വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ' എന്ന പദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ടിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ വീടുകൾ വാസയോഗ്യമാക്കിയില്ല. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ വീടുകൾ വാസയോഗ്യമാക്കി പണി പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കരാർ തീയതി | പദ്ധതി പ്രകാരം നൽകുന്ന തുക | നൽകിയ ഗഡുക്കൾ | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 122/21-22 സ്പിൽ ഓവർ | ഷീല പാറപ്പുറത്ത് വീട് പള്ളിമൺ വാർഡ്-7 | 11.09.20 | 70,000/- | 35,000/- ബിൽ നമ്പർ.10/20-21, 12.10.20 | 35,000/- |
| 121/21-22(ജനറൽ) സ്പിൽ ഓവർ | താമരാക്ഷി സജിഭവനം പുലിയില വാർഡ്-20 | 06.01.21 | 50,000/- | 25,000/- ചെക്ക് നമ്പർ.2466089/11.2.21 | 25,000/- |
| | സിദ്ദിക്ക് കരിക്കുഴി വിള മുട്ടയ്ക്കാവ് വാർഡ്-15 | 28.12.20 | 50,000/- | 25,000/- 21/20-21,16.01.21 | 25,000/- |
| | സാറാ ബീവി അനസ് മൻസിൽ മുട്ടയ്ക്കാവ് വാർഡ്-16 | 14.10.20 | 50,000/- | 25,000/- 21/20-21, 16.01.20 | 25,000/- |
| | | | | ആകെ 1,10,000/- | |

ഭവനപുനരുദ്ധാരണ പ്രവൃത്തികൾക്ക് നല്കിയ ആദ്യഗഡു മാത്രം കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് നല്കിയ 1,10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,10,000 /-രൂപ

ഓഡിറ്റ് എൻക്വയറി നം - 4/21-22, 08.02.2023

1-32 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തിയാക്കിയില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു.

അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി പൂർത്തിയാക്കിയിട്ടില്ല. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ക് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കരാർ തീയതി | പദ്ധതി പ്രകാരം നൽകുന്ന തുക | നൽകിയ ഗഡുക്കൾ | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1/21-22 | സുമ<br>ശ്രേയസ്<br>പള്ളിമൺ പി.ഒ<br>വാർഡ്-7 | 24.11.21 | 2,00,000/- (വികസന ഫണ്ട് എസ് സി പി) | 50,000/- ബിൽ നമ്പർ.22/21-22, 19.01.22 | 150,000/- |
| 116/21-22 സ്പിൽ ഓവർ | മായ.റ്റി<br>ആരോമൽ ഭവൻ<br>നെടുമ്പന<br>വാർഡ്-22 | 14.10.2020 | 2,00,000/- (വികസന ഫണ്ട് എസ് സി പി ) | 50,000/- 2/21-22, 03.08.21 | 1,50,000/- |
| 115/21-22 സ്പിൽ ഓവർ | സിനി<br>മരുത്തടിവിള മേലതിൽ<br>മുട്ടയ്ക്കാവ്<br>വാർഡ്.14 | 22.10.2019 | 2,00,000/- (വികസന ഫണ്ട് എസ് സി പി ) | 25.10.19-50,000/-<br>13.11.19-50,000/-<br>4.1.20-50,000/- | 50,000/- |
| | | | | ആകെ-2,50,000/- | |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പുരോഗതി വിലയിരുത്തി പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ക് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്. ആകെചെലവഴിച്ച 2,50,000/-രൂപയുടെ ചെലവ് തടസ്സത്തിൽവയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 2,50,000 /- രൂപ (അസി. സെക്രട്ടറി)
ഓഡിറ്റ് എൻക്വയറി നം. 3/2122, 08.02.2023

1-33 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുന്നു

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിനിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക/ ഫണ്ട് | ബിൽ നമ്പർ / വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 97/21-22 | കേരള വാട്ടർ | 8044000 | XVFC/2021-22 | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ | അതോറിറ്റി | – ധനകാര്യ കമ്മീഷൻ | /P/6,10.3.22 | സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 2 | 152/21-22 അംഗൻവാടികളുടേയും എം.സി.എഫിന്റേയും വൈദ്യുതീകരണം | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ | 3,00,000/- തനത് ഫണ്ട് | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു 3.1.22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3 | 9/21-22 പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 517321/- (തനത് ഫണ്ട്) | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| | | | ആകെ- 88,61,321/- | | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി 88,61,321/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരം സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ്എൻക്വയറിനം- 5/21-22, 14.02.23

തടസ്സം - 88,61,321/-രൂപ

## 1-34 നല്ലില ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക റീക്കപ്പ് ചെയ്തിട്ടില്ല

നെടുമ്പന ഗ്രാമപഞ്ചായത്തിലെ നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ നല്ലില ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി തനത്ഫണ്ടിൽ നിന്നും 69,150/- രൂപ (ചെക്ക് നം. 573803/09.11.2021) TKM എൻജിനീയറിംഗ് കോളേജിന്റെ കൺസൾട്ടൻസി വിങ്ങിന് അനുവദിച്ചിട്ടുണ്ട്. മേൽ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ തിരികെ ഒടുക്കുന്നതാണെന്ന് AE, LSGD അറിയിച്ചിട്ടുണ്ടെങ്കിലും തുക തിരികെ ഒടുക്കുവരുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നും ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് 69150/-രൂപ റീക്കപ്പ് ചെയ്ത് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/14.02.2023

## 1-35 കൊല്ലം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിൽ നിന്നും റിഡംഷൻ ഇനത്തിൽ പിടിച്ച തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിലുള്ള 799013100000819 നമ്പർ അക്കൗണ്ടിൽ 31.03.22 ന് നീക്കിയിരിപ്പുണ്ടായിരുന്ന ₹80,65,200/- റിഡംപ്ഷൻ ഇനത്തിൽ സർക്കാരിലേക്ക് പിൻവലിച്ചിരുന്നു. ഈ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഈതുക തിരികെ ലഭിക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.30/15.02.23 ) മറുപടി

ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക തിരികെ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-36 പാസ്റ്റ് ഡാറ്റാ എൻട്രി - വിവിധ ഹെഡുകളിലെ തുകകളുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും ഐഎൽ ജിഎംസ് സമ്പ്രദായത്തിലേക്ക് 05.09.21 തീയതിയിൽ മാറിയിട്ടുണ്ട്. ഈ തീയതിയിലെ ബാലൻസ് ഷീറ്റിന്റെ പാസ്റ്റ് ഡാറ്റാ എൻട്രി ( P D E) വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഹെഡുകൾ / ഷെഡ്യൂളുകളിലെ തുകകളിൽ വ്യത്യാസം വന്നിട്ടുള്ള തായി കാണുന്നു.

| ക്രമനം | ഷെഡ്യൂൾ | ഹെഡ് കോഡ് | സാംഖ്യ തുക ₹ | ഐഎൽജിഎംസ് തുക ₹ |
|---|---|---|---|---|
| 1 | B-1 | 310900101-excess Of Income Over Expenditure | 2,06,41,993 | 2,01,89,966 |
| 2 | B-4 | 320100128-MGNREGS | 18,00,328 | 13,82,952 |
| 3 | B-4 | 320100999-Other Liabilities | No Head Of Account | 13,96,341 |
| 4 | B-9 | Total Of The Schedule | 18,89,352 | 11,73,207 |
| 5 | B-17 | Cash | 21,556 | 0 |
| 6 | B-17 | 450210101- Canara Bank | 2,45,92,485 | 2,48,44,209 |
| 7 | B-18 | 460500399- Advance To Other Authorised Agencies | 5,45,261 | 1,27,885 |

ഇത്തരത്തിൽ പാസ്റ്റ് ഡാറ്റാ എൻട്രി ( P D E) വിവരങ്ങളിലുണ്ടായ വ്യത്യാസത്തിനുള്ള കാരണം രേഖാമൂലം വിശദീകരിക്കേണ്ടതാണ്.

1-37 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റി, കേരള പിഡബ്ള്യുഡി എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. അഡ്ജസ്റ്റ് ചെയ്തിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

| ക്രമനം. | ധനകാര്യ പത്രികയിലെ ഹെഡ്കോഡ് | തുക സ്വീകരിച്ച സ്ഥാപനം | എ എഫ് എസ് പ്രകാരം 31.03.20 ന് മുൻപ് നിക്ഷേപിച്ചിട്ടുള്ളതും നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ലാത്തതുമായ തുക ₹ |
|---|---|---|---|
| 1 | 460500201 | കേരള വാട്ടർ അതോറിറ്റി | 16,17,278/- |
| 2 | 460500205 | കേരള ഇലക്ട്രിസിറ്റി ബോർഡ് | 4,41,488/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 19/21-22 14.02.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഏതൊക്കെ പ്രവൃത്തികൾ /പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കിയ വൗച്ചർ/ ബിൽ നം./ചെക്ക് നം.,തീയതി, സ്ഥാപനം, പ്രോജക്ട് നം., ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക , കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ , വിനിയോഗ സാക്ഷ്യപത്രം

സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള ലോൺ വിഹിതം , സംസ്ഥാനവിഹിതം തുകകളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള ലോൺ വിഹിതം , സംസ്ഥാനവിഹിതം തുകകളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻ വർഷത്തെ ലോൺ വരവ് ₹1,20,60,000/- ആണ്. ലൈഫ് ഭവന പദ്ധതിയുടെ സംസ്ഥാന വിഹിതം ഇനത്തിൽ തൻ വർഷം വരവ് തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ലൈഫ് പദ്ധതി ലോഗിൻ - ലെ ഫണ്ട് അഭ്യർത്ഥന സ്റ്റാറ്റസ് സ്റ്റേറ്റുമെന്റ് പ്രകാരം തൻ വർഷത്തെ ലോൺ വരവ് ₹61,60,000/- ഉം സംസ്ഥാന വിഹിതം വരവ് ₹59,00,000/- ഉം ആണ്.

തൻവർഷത്തെ ലോൺ തിരിച്ചടവായി സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ തിരികെ ഈടാക്കിയ തുക ₹76,56,000/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ (ഹെഡ്-330500201) കാണിച്ചിട്ടുള്ള ലോൺ തിരിച്ചടവ് തുക ₹42,75,333/- ആണ് . ലോൺ വരവ് , തിരിച്ചടവ് തുകകളുടെ കണക്കുകളിലെ വ്യത്യാസം താഴെ ചേർക്കുന്നു.

| സോഴ്സ് ഡോക്യുമെന്റ് | 31.03.21 ലെ ലോൺ ബാധ്യത ₹ | 2021-22 ലോൺ വരവ് ₹ | ആകെ ₹ | തിരിച്ചടവ് ₹ | 31.03.22 ലെ ലോൺ ബാധ്യത |
|---|---|---|---|---|---|
| ധനകാര്യ പത്രിക പ്രകാരം | 6,15,12,000 | 1,20,60,000 | 7,35,72,000 | 42,75,333 | 6,92,96,667 |
| സ്റ്റേറ്റുമെന്റ്, ഉത്തരവുകൾ പ്രകാരം | 6,15,12,000 | 61,60,000 | 6,76,72,000 | 76,56,000 | 6,00,16,000 |

ലഭ്യമാക്കിയ രേഖകൾ പ്രകാരം ലൈഫ് ലോൺ, സംസ്ഥാന വിഹിതം ഇനങ്ങളിലെ തുകകളുടെ മുൻബാക്കി , വരവ് , വിനിയോഗം , നീക്കി ബാക്കി തുകകളുടെ വിവരം ചേർക്കുന്നു.

| ഇനം | 31.03.21 ന് വിനിയോഗിക്കാതെ ശേഷിച്ച തുക ₹ | 2021-22 ലെ വരവ് ₹ | ആകെ തുക ₹ | സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് ₹ | 31.03.22 ലെ നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ലോൺ | 27,40,000 | 61,60,000 | 89,00,000 | 78,40,000 | 10,60,000 |
| സംസ്ഥാന വിഹിതം | 41,12,000 | 59,00,000 | 1,00,12,000 | 92,35,000 | 7,77,000 |

ലൈഫ് ഭവന പദ്ധതി തുകകളുടെ വരവ് , വിനിയോഗ, ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കുന്നനതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പ് ( നം.19/14.02.23 ) ന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

അനുബന്ധ രേഖകൾ പരിശോധിച്ച് ലൈഫ് ഭവന പദ്ധതി ലോൺ, സംസ്ഥാന വിഹിതം കണക്കുകൾ കൃത്യമാക്കേണ്ടതും ആയതിന്റെയടിസ്ഥാനത്തിൽ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-39 മഴക്കാലപൂർവ്വ ശുചീകരണം- തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

2021-2022 സാമ്പത്തിക വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 23

വാർഡുകളിലെയും വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് 20,000/-രൂപ (ശുചിത്വമിഷൻ-10000/-, തനത്ഫണ്ട്-10000/-) വീതം കൈമാറിയിട്ടുണ്ട്. എന്നാൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ചില വാർഡുകൾ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ചെലവഴിച്ച തുകകളുടെ വൗച്ചർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളതാണ്. ചെലവഴിക്കാൻ ശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | 1 | 10000/- |
| 2 | 8 | 5000/- |
| 3 | 10 | 5000/- |
| 4 | 12 | 5000/- |
| 5 | 17 | 10000/- |
| 6 | 18 | 5000/- |
| 7 | 23 | 10000/- |
| | ആകെ | 50000/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അതത് സാമ്പത്തിക വർഷങ്ങളിൽ രോഗവ്യാപനം തടയാൻ ആവശ്യമായ മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ഉപയോഗിച്ചാൽ മാത്രമേ ആരോഗ്യമേഖലയിൽ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാൻ കഴിയുകയുള്ളു . മുൻകൂറായി അനുവദിച്ച തുകയിൽ ചെലവഴിച്ചതിനു ശേഷം അക്കൗണ്ടിൽ ബാക്കിയുള്ള 50,000/-രൂപ തിരിക ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 15/14.02.2023

തടസ്സപ്പെടുത്തുന്ന തുക 50,000/-രൂപ

1-40 മെഡിക്കൽ ഓഫീസർ സി എച്ച് സി- അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി 2021-22 ൽ തനത് ഫണ്ടിൽ നിന്നും 3,00,000/-രൂപ മെഡിക്കൽ ഓഫീസർ, സി.എച്ച്.സിക്ക് (Vr. No22100123/11.05.2021, Vr No22100259/18.06.21 Vr No.22100640/20.09.21) മുൻകൂർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ചിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് അനുവദിച്ച 3,00,000/- രൂപയുടെ ആധികാരികമാക്കിയ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മുൻകൂർ നൽകിയ 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് ചട്ടങ്ങൾ 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകുവാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളോ കണക്കോ നിലവിലില്ല എന്നു കരുതി ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതും തുക ഈടാക്കുന്നതിന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്ന തുടർനടപടി സ്വീകരിക്കുന്നതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 15/14.02.2023

തടസ്സപ്പെടുത്തിയ തുക - 3,00,000/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂൾ കെട്ടിടത്തിനായി വാടകതുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി 28.01.2020-ൽ മുഹമ്മദ് കഹാർ, അദില എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള (15-ാം വാർഡ്) കെട്ടിടം പ്രതിമാസം 10,000രൂപ നിരക്കിൽ വാടകയ്ക്ക് എടുത്തിട്ടുണ്ട്. 2 വർഷ കാലയളവിലേയ്ക്ക് വാടകയെടുക്കുന്നതിനാണ് കരാർ ചമച്ചിട്ടുള്ളത്. 2 വർഷക്കാലം കെട്ടിടത്തിന് വാടക നൽകിയെങ്കിലും നാളിതുവരെ ബഡ്സ് സ്കൂൾ തുടങ്ങുന്നതിനാവശ്യമായ യാതൊരു തുടർപ്രവർത്തനങ്ങളും നടത്തിയിട്ടില്ല. 2 വർഷക്കാലയളവിൽ 2,20,953/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | തുക | ഇനം | ചെക്ക് നം. |
|---|---|---|---|
| 1 | 50,000/- | വാടക (01/21 - 05-21) | 572460/18.6.21 |
| 2 | 40,000/- | വാടക (06/21 - 09-21) | 573435/23.10.21 |
| 3 | 953/- | ഇലക്ട്രിസിറ്റി ( 10/21 - 11/21) | 574389/28.12.21 |
| 4 | 20,000/- | വാടക ( 10/21 - 11/21) | 574393/31.12.21 |
| ആകെ 1,10,953/-രൂപ | | | |

2021-22 സാമ്പത്തികവർഷം 1,10,953/-രൂപ തനത് ഫണ്ടിൽ നിന്നും ബഡ്സ് സ്കൂൾ വാടകകെട്ടിടത്തിനായി ചെലവഴിച്ചിട്ടുള്ളതാണ്. വാടകയിനത്തിലും മറ്റും തുക ചെലവഴിച്ചതും ബഡ്സ് സ്കൂൾ പ്രവർത്തനം തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ലായെന്നും 31.3.21 ലെ 1(2) നമ്പർ തീരുമാന പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ പഞ്ചായത്തിന്റെ പരിധിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡി.സി.സി, സി.എസ്.എൽ.റ്റി.സി എന്നിവ പ്രവർത്തിച്ചിട്ടുള്ളതും, മേൽ കെട്ടിടം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചത് സംബന്ധിച്ച യാതൊരു ചെലവ് രേഖകളും ഹാജരാക്കാനും കഴിയാത്ത സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.09.2018 ലെ 9372/L/2017/KSHO ഉത്തരവ് പ്രകാരം പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം നെടുമ്പന പഞ്ചായത്തിന് 12.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം അനുവദിച്ച തുക ബഡ്സ് സ്കൂൾ നിർമ്മാണം, വാടക (6 മാസത്തേക്ക്) അനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് അനുവദിച്ചിരുന്നത്. 12.5 ലക്ഷം രൂപ ബഡ്സ് സ്കൂൾ നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വിനിയോഗിച്ചിരുന്നെങ്കിൽ 12.5 ലക്ഷം രൂപ കൂടി (ആകെ 25 ലക്ഷം ) അനുവദിക്കുമായിരുന്നു. എന്നാൽ 12.5 ലക്ഷം രൂപ വിനിയോഗിക്കപ്പെടാത്തതിനാൽ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

നെടുമ്പന പഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്നവവരുടെ എണ്ണം ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണത്തിന്റെ ഇരട്ടിയിലധികമാണ്. പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം 47 ആയിരുന്നത് ഈ സാമ്പത്തിക വർഷം 68 എണ്ണമായി ഉയർന്നിട്ടുണ്ട്. മേൽ കണക്കുകൾ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മേൽ സാഹചര്യങ്ങൾ നിലനിൽക്കെ 2 വർഷത്തേയ്ക്ക് ബഡ്സ് സ്കൂളിനായി വാടകയ്ക്ക് കെട്ടിടം എടുക്കുകയും വാടകയിനത്തിൽ തുക ചെലവഴിക്കുകയും, കൂടാതെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ 2018-19 ൽ തന്നെ അനുവദിച്ച തുക ഉപയോഗിക്കാതെ തിരിച്ചടയ്ക്കേണ്ട സാഹചര്യവും നിലനിൽക്കുകയും ചെയ്യുമ്പോൾ നാളിതുവരെ ബഡ്സ് സ്കൂൾ

തുടങ്ങുന്നതിനാവശ്യമായ യാതൊരു പ്രാരംഭ പ്രവർത്തനങ്ങളും പഞ്ചായത്ത് സെക്രട്ടറിയുടെയോ ഭരണസമിതിയുടെയോ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. പഞ്ചായത്തിൽ ബഡ്സ് സ്കൂളിന്റെ ആവശ്യകത അനിവാര്യമായിരിക്കെ ആയതിന്റെ പ്രവർത്തനാരംഭത്തിന് നാളിതുവരെ യാതൊരു നടപടിയൊന്നും സ്വീകരിക്കാതെ വീഴ്ച വരുത്തിയ സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം ബഡ്സ് സ്കൂൾ വാടക കെട്ടിടത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 1,10,953/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവ ആരംഭിക്കുന്നതിന്റെ അനിവാര്യതയിലേക്ക് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം - 18/14.02.2023
നിരാകരിച്ച തുക - 1,10,953/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 09.02.2023 & 10.02.2023 | കെ.എസ്.എ.കെ.എൽ.എം.പി7/438/ /2023, തീയതി 31.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 30/22ലൈഫ് ഭൂമിവാങ്ങൽ -ജനറൽ | 2,00,000/- | 2,00,000/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 33/22 ലൈഫ് ഭവന നിർമ്മാണം ജനറൽ | 2,80,000/- | 2,80,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 34/22-ലൈഫ് ഭവന നിർമ്മാണം എസ് സി | 2,00,000/- | 2,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 38/22-ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000/- | 1,00,000/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 104/22-പട്ടുതാകുളം | 98,400/- | 98,400/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 144/22-വാർഡ് 1 പള്ളിമുക്ക് രക്ഷാസൈന്യം വേലം പറമ്പ് റോഡ് റീടാറിങ് | 5,93,223/- | 5,93,223/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 105/22 ആധുനിക അറവുശാലയും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി വാങ്ങൽ | 10,85,867/- | 10,85,867/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 145/22 കാട്ടൂർ സംഗമം മുകളുവിള റീ ടാറിംഗ് | 5,00,000/- | 5,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 163/22 മാടൻകാവ്-വള്ളക്കടവ് റോഡ് (വാർഡ് 11) | 4,84,191/- | 4,84,191/- | - |
| ജില്ലാ | 2021-22 | 148-82-ാം നമ്പർ | 5,40,000/- | 0 | ജില്ലാ ട്രഷറിയിൽ |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | അങ്കണവാടിക്ക് കെട്ടിട നിർമ്മാണം വാർഡ് 18 | | | ജോയിന്റ് വെഞ്ചർ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന സാധിച്ചിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് പോയിട്ടുള്ളതാണ്. |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 34/22 ലൈഫ് ഭവന നിർമ്മാണം എസ്.സി | 9,60,000/- | 9,60,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 38/22ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 2,00,000/- | 2,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 39/22-അംഗനവാടി അനുപൂരക പോഷക പരിപാടി | 1,25,000/- | 1,25,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 40/22-അംഗനവാടി അനുപൂരക പോഷക പരിപാടി (എസ്.സി) | 2,46,960/- | 2,46,960/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 43/22-കുരുമുളക് ഗ്രാമം | 25,000/- | 25,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 44/22 നെൽകൃഷി വികസനം | 3,78,250/- | 3,78,250/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 207/22 ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട്. | 20,000/- | 20,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 108-ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമിവാങ്ങൽ | 2,00,000/- | 2,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 30-ലൈഫ് ഭൂമിവാങ്ങൽ ജനറൽ | 8,00,000/- | 8,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 109-ലൈഫ് രണ്ടാംഘട്ടം | 16,00,000/- | 16,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 110-ലൈഫ് രണ്ടാം ഘട്ടം എസ്.സി | 9,20,000/- | 9,20,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | സമ്പൂർണ്ണ ശുചിത്വം – കക്കൂസ് നിർമ്മാണം | 25,200/- | 25,200/- | |
| കൊല്ലം കോർപ്പറേഷൻ | 2021-22 | ആധുനിക അറവുശാലയും മറ്റ് ആവശ്യങ്ങൾക്ക മായി ഭൂമിവാങ്ങൽ | 75,00,000/- | 0 | ജില്ലാ ട്രഷറിയിൽ ജോയിന്റ് വെഞ്ചർ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന സാധിച്ചിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് പോയിട്ടുള്ളതാണ്. |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴി പ്രവൃത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ /ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാന ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | XVFC/2021-22/P16 20.01.22 XVFC/2021-22/P110 20.01.22 | 8044000 | 8044000 | 0 |
| കെ.എസ്.ഇ.ബി | അംഗൻവാടികളുടേയും എംസിഎഫിൻറേയും വൈദ്യുതീകരണം | Cheque No : 6318726 Dtd : 10.01.2022 | 300000 | 300000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 1,20,60,000/- രൂപ വരവുണ്ട്. മുൻബാക്കി 27,40,000 രൂപയടക്കം 1,48,00,000/- രൂപയിൽ 42,75,333/- രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിൻറെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു. **

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്)111/18 /13.08.2018 | 1,20,60,000 | 6,15,12,000 | 42,75,333 | 0 | 6,92,96,667 |

കണക്കുകളിലെ വ്യത്യാസം ഖ 1-38 കൂടി കാണുക

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2019-20 | Enquiry No -16 | 2436 | ദേവിക , ക്ലർക്ക് | 121010101218 30.07.2021 |
| 2019-20 | 1-20 | 620 | ശാലിനി , വി.ഇ.ഒ | 121010101184 28.07.2021 |
| 2019-20 | Enquiry No 3 | 1850 | രമ്യ രമേശ്, ഓവർസിയർ ,NREGS | 121010101142 26.07.2021 |
| 2019-20 | Enquiry No 5 | 223 | രജനി കെ ആർ , അസി. സെക്രട്ടറി | 121010101143 26.07.2021 |

| | | | | |
|---|---|---|---|---|
| 2020-21 | Enquiry No - 6 | 4048 | രാജു , ഒഎ | 121010101217<br>30.07.2021 |
| 2020-21 | 1-23 | 10545 | എ.ഇ , LSGD | 121010101231<br>02.08.2021 |
| 2020-21 | Enquiry No -14 | 2115 | ഷാനിഫ എസ് , ടി.എ | 121010101141<br>26.07.2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | 4.1.3 | അടിസ്ഥാന സൗകര്യ വികസനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-2 | 2016-17 | 4.6.1 | ആസ്തി ആർജ്ജിക്കൽ | |
| 2014-15 | 2-2 | 2016-17 | 3.12 | പെർമിറ്റ് ഫീസ് | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 110953/- | 50000/- ശ്രീ. ബിജു കുമാർ,<br>സെക്രട്ടറി ഇൻ ചാർജ് |
| | | | 60,953/- ശ്രീമതി ലേഖ വി എസ്,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 83,000/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-20 | 17,63,716/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-30 | 7,20,000/- | ശ്രീ അജി, വി.ഇ.ഒ |
| 1-31 | 1,10,000/- | ശ്രീ ഷിയാസ്, വി.ഇ.ഒ |
| 1-32 | 2,50,000/- | ശ്രീമതി രാധാമണി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 88,61,321/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-39 | 50,000 | ഡോ.നെബു ജോൺ, മെഡിക്കൽ ഓഫീസർ-സി എച്ച്സി |
| 1-40 | 3,00,000/- | ഡോ.നെബു ജോൺ,<br>മെഡിക്കൽ ഓഫീസർ- സി എച്ച് സി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം : നഷ്ടം ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു കുമാർ, സെക്രട്ടറി ഇൻ ചാർജ് | സെക്രട്ടറി ഇൻ ചാർജ് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ഇടനാട്ടുവീട്, രാമൻകുളങ്ങര |
| ശ്രീമതി ലേഖ വി എസ് സെക്രട്ടറി | സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത് | കാർത്തിക, നെടുമ്പന, നെടുമ്പന പി.ഒ |
| ശ്രീമതി രാധാമണി കെ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത് | മുരുങ്ങൂരഴികം, മുഖത്തല പി.ഒ |
| ഡോ.നെബു ജോൺ, മെഡിക്കൽ ഓഫീസർ സി എച്ച് സി | സസ്പെൻഷൻ പിരീഡ് | ബെതേനിയ, പേരുകാവ് പി.ഒ, തിരുവനന്തപുരം |
| ശ്രീ അജി, വി.ഇ.ഒ | വി.ഇ.ഒ, നെടുമ്പന ഗ്രാമപഞ്ചായത്ത് | കരിക്കത്തിൽ ചരുവിള വീട്, വാളിയോട് പി.ഒ, കൊല്ലം |
| ശ്രീ നവീൻ, വി.ഇ.ഒ | വി.ഇ.ഒ, നെടുമ്പന ഗ്രാമപഞ്ചായത്ത് | രാജ് നിവാസ്, ചെമ്മക്കാട് പി.ഒ, പെരിനാട് |
| ശ്രീ ഷിയാസ്, വി.ഇ.ഒ | വി.ഇ.ഒ, നെടുമ്പന ഗ്രാമപഞ്ചായത്ത് | സഫാ മൻസിൽ, നെട്ടയം പി.ഒ, അമ്പലംകുന്ന്, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം.പി7/415/2018, Dated,26-2-18 | 2 |
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം.പി7/1113/2022, Dated, 10-10-22 | 9 |
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം.പി7/1114/2022, Dated, 29-9-22 | 6 |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(3)/2019, Dated, 12-6-19 | 6 |
| 2010-11-2011-12 | കെ.എസ്സ്.എ.കെ.എൽ.എം.പി7/Ada./10-11 & 11-12/672/22 25.08.22 | 7 |
| 2012-13-2013-14 | KSAKLM/P7/ada./2012-13 &13-14 /672/22 25.08.22 | 14 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/ada. 2014-15/672/22 25.08.22 | 19 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/ada 2015-16/672/22 25.08.22 | 13 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7/1498/22, Dated. 11.10.22 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7/1868/18, Dated, 26.02.18 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7/675/22, Dated.24.09.22 | 7 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.7/1059/21, Dated, 06.06.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെഎസ് എ കെഎൽഎം.P7/1156/21, Dated, 08.07.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.